JESUS REDEEMS MINISTRIES

# യുവജനലോകം

ഫെബ്രുവരി 2025

കർത്താവ് കരുതിയിരിക്കുന്ന എല്ലാ നന്മകളും
അനുഗ്രഹങ്ങളും പ്രാപിക്കുവാൻ നീ നിന്റെ

# ഹൃദയത്തെ

## കാത്തുസൂക്ഷിച്ചുകൊൾക!



# ആമുഖം




എന്റെ പ്രിയപ്പെട്ട മകനെ(ളെ)!

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാശംസകൾ!

ഈ ഉണർവിന്റെ നാളുകളിൽ കർത്താവ് നിങ്ങളെ ശക്തമായി ഉപയോഗിക്കുന്നത് കാണുന്നതിൽ ഞാൻ കർത്താവിനെ സ്തുതിക്കുന്നു. ഈ ഉണർവിന്റെ യാത്രയിലായിരിക്കുന്ന നിങ്ങൾ; തീവ്രത, വേഗത, ലക്ഷ്യം എന്നീ മൂന്ന് കാര്യങ്ങൾ മനസ്സിൽ സൂക്ഷിക്കണം. എന്തെന്നാൽ ഉണർവ് ആരംഭിച്ചിരിക്കുന്നു; നാം അത് പ്രചരിപ്പിക്കണം. അതിനാൽ, ഈ വർഷം (2025) നിങ്ങളുടെ ലക്ഷ്യം തീവ്രതയായിരിക്കണം.

നിങ്ങളുടെ ഹൃദയം ഉണർവിനെ ലക്ഷ്യമാക്കിയും, ഉണർവുമായി ബന്ധപ്പെട്ടുമിരിക്കേണ്ടതും ആവശ്യമാണ്. അതുകൊണ്ട് നിങ്ങളുടെ ഹൃദയത്തെ സംരക്ഷിക്കേണ്ടത് വളരെ പ്രധാനമാണ്. ഉണർവ് എന്ന ലക്ഷ്യത്തോടെ ഓടിക്കൊണ്ടിരിക്കുന്ന നിങ്ങൾ ഇരട്ടി ജാഗ്രത പാലിക്കണം. കാരണം,

നിങ്ങളുടെ ഹൃദയം വഴിതെറ്റിപ്പോയാൽ.... പാപം നിമിത്തം മലിനമാക്കപ്പെട്ടാൽ .... അശുദ്ധമാക്കപ്പെട്ടാൽ...

നിങ്ങളുടെ ലക്ഷ്യവും, ദിശയും മാറുമെന്ന് സാത്താന് നന്നായി അറിയാവുന്നതുകൊണ്ട്, നിങ്ങളുടെ ഹൃദയത്തെ ബാധിക്കുന്ന വിഷയം ഒരു ആയുധമായി നിങ്ങൾക്ക് നേരെ എറിയുവാൻ ശ്രമിക്കും.

"സകല ജാഗ്രതയോടും നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നത്" എന്ന് ജ്ഞാനിയും രാജാവുമായ ശലോമോൻ എഴുതിയിരിക്കുന്നു. എന്തെന്നാൽ ഹൃദയത്തെ സംരക്ഷിച്ചില്ലെങ്കിൽ, കള്ളനായ സാത്താൻ കടന്നുവന്ന് നല്ല ചിന്തകളും, ധാർമ്മികതയും, നല്ല കഴിവുകളും, വിശുദ്ധ ചിന്തകളും, ശുശ്രൂഷാ ഭാരത്തെയും മോഷ്ടിക്കുകയും, നശിപ്പിക്കുകയും നിങ്ങളുടെ ഹൃദയത്തിൽ നിന്ന് ഉത്ഭവിക്കുന്ന ജീവന്റെ ഉറവയെ നശിപ്പിച്ച് അതിനെ കളങ്കപ്പെടുത്തുകയും മലിനമാക്കുകയും ദുഷ്ട ചിന്തകളാൽ നിറയ്ക്കുകയും ചെയ്യുമെന്ന ജാഗ്രതയോടിരിക്കണം.

## യൗവനക്കാരെ ജാഗ്രത!!

കർത്താവിന് ഹിതമായി പ്രാർത്ഥിക്കുകയും കർത്താവിൽ നിന്ന് ജ്ഞാനം പ്രാപിക്കുകയും ചെയ്ത ശലോമോൻ രാജാവിനെ സാത്താൻ വശത്താക്കി (1 രാജാ. 11:4-10). ശലോമോൻ രാജാവിന്റെ ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്കു വശീകരിച്ചു. ശലോമോൻ ദാവീദ് രാജാവിനെപ്പോലെ കർത്താവിൽ ഏകാഗ്രമായിരുന്നില്ല. കർത്താവിനെ പൂർണ്ണമായി അനുസരിക്കാതെ, കർത്താവിന് അനിഷ്ടമായുള്ളതു ചെയ്തു ( 9,10 വചനങ്ങൾ).



**യൗവനക്കാരെ! നിങ്ങൾക്കുള്ള മുന്നറിയിപ്പായും, നിങ്ങൾ ജാഗ്രതയോടെ നിങ്ങളുടെ ഹൃദയത്തെ കാത്തുസൂക്ഷിക്കുന്നതിനുമാണ് കർത്താവ് ഈ വേദഭാഗം രേഖപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് സകല ജാഗ്രതയോടും നിങ്ങളുടെ ഹൃദയം കാത്തുസൂക്ഷിക്കുവിൻ, കാരണം നിങ്ങൾ കർത്താവിനുള്ളതാണ്!**

**കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ!!**

*ക്രിസ്തുവിന്റെ വേലയിൽ*
*മോഹൻ സി. ലാസറസ്*

# ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യന്മാർ!



ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യന്മാർ എന്ന തലക്കെട്ടിൽ ചില വ്യക്തികളെ കുറിച്ച് നാം അറിയുവാൻ പോകുന്നു. അവരിൽ ആദ്യമായി സ്തെഫാനൊസിനെ കുറിച്ച് കാണാം. സ്തെഫാനൊസ് മേശകളിൽ ശുശ്രൂഷചെയ്യുന്നത് താഴ്മയോടെ സ്വീകരിക്കുകയും നിർവ്വഹിക്കുകയും ചെയ്തു. കർത്താവ് അവന് നൽകിയ കൃപയനുസരിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞ് വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു (അപ്പൊ.6:8). തന്റെ ജീവിതം പൂർണ്ണമായും കർത്താവിനുവേണ്ടി സമർപ്പിച്ച വ്യക്തിയായിരുന്നു സ്തെഫാനൊസ്.

## സ്തെഫാനൊസ്

തന്റെ ശുശ്രൂഷ നിർവഹിക്കുന്നതിൽ, സ്തെഫാനൊസ് ക്രിസ്തുവിനെ ധൈര്യത്തോടെ പ്രസംഗിക്കുന്നത് കണ്ട് ചിലർ അവനെതിരെ എഴുന്നേൽക്കുകയും വാദിക്കുകയും ചെയ്തു. അവനോ പരുഷമായ വാക്കുകൾ സംസാരിച്ചില്ല, സഹോദരന്മാരും പിതാക്കന്മാരുമായ പുരുഷന്മാരേ എന്ന് സൗമ്യമായി ദൈവവചനങ്ങൾ സംസാരിച്ചു (അപ്പൊ. 7:2). അവൻ തന്റെ ജീവനെക്കുറിച്ച് ഭയമില്ലാതെ വചനം പ്രസംഗിച്ചു. അപ്പോൾ അവർ പ്രകോപിതരായി അവനെ കൊല്ലുവാൻ കല്ലെറിഞ്ഞു. ആ ദയയില്ലാത്തവരോടും അവൻ ക്ഷമിച്ചു. മാത്രമല്ല യേശുക്രിസ്തുവിനെപ്പോലെ, കർത്താവേ അവർക്ക് ഈ പാപം നിറുത്തരുതേ എന്ന് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് അവൻ നിദ്രപ്രാപിച്ചു (അപ്പൊ. 7:60).

ജീവിതത്തിന്റെ അവസാന ശ്വാസം വരെ ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യനായിരുന്നു സ്തെഫാനൊസ്. അവന്റെ മരണം അപ്പൊസ്തലനായ പൗലൊസിന് ക്രിസ്തുവിലേക്ക് വരാനുള്ള അടിത്തറയിട്ടു. ഇത് അറിഞ്ഞിരിക്കുന്ന നാമും, നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യനായ സ്തെഫാനൊസിനെ പോലെ ജീവിക്കുവാൻ നമ്മെ സമർപ്പിക്കാം. നമ്മുടെ സ്നേഹിതരും ബന്ധുക്കളും നമ്മെ വിട്ടുപിരിഞ്ഞാലും, ചില നേട്ടങ്ങൾ നമുക്ക് ലഭിച്ചില്ലെങ്കിലും, ഏത് വിഷമകരമായ സാഹചര്യങ്ങൾ നേരിടേണ്ടി വന്നാലും ഞാൻ യേശുക്രിസ്തുവിന്റേതാണ് എന്ന ചിന്തയോടെ യേശുവിനെ തള്ളിക്കളയാതെ, നാമും സ്തെഫാനൊസിനെപ്പോലെ അവസാനം വരെ ശിഷ്യനായി ക്രിസ്തുവിനുവേണ്ടി നിലനിൽക്കണം!



# അപമാനത്തിൽ നിന്ന് അനുഗ്രഹം!!




## നിങ്ങളുടെ ബാല്യകാലത്തെയും കുടുംബത്തെയും കുറിച്ച് പറയാമോ?

ഞാൻ കന്യാകുമാരി ജില്ലയിലെ നെയ്യൂരിൽ ഒരു ക്രൈസ്തവ കുടുംബത്തിലാണ് ജനിച്ചു വളർന്നത്. അവിടെ നിന്ന് എന്റെ മുത്തച്ഛന്റെ ജോലി മുഖാന്തരം ഞങ്ങൾ കുടുംബമായി തിരുനെൽവേലിയിലേക്ക് താമസം മാറി. അതിനുശേഷം എന്റെ നാലാമത്തെ വയസ്സിൽ പിതാവിന്റെ ജോലി നിമിത്തം ഞങ്ങൾ കോവിൽപട്ടിയിൽ വന്നു.

ഞാൻ ജനിച്ചത് ഒരു ക്രൈസ്തവ കുടുംബത്തിൽ ആണെങ്കിലും ഞങ്ങൾക്ക് കർത്താവുമായി അടുത്ത ബന്ധമൊന്നും ഉണ്ടായിരുന്നില്ല. കുട്ടിക്കാലത്തിൽ സൺഡേ സ്കൂളിൽ പോയില്ലെങ്കിൽ അമ്മ അടിക്കും എന്ന ഭയം നിമിത്തം അവിടെ പോകുമായിരുന്നു. അവിടെ നിന്നും മധുരപലഹാരങ്ങളും, ജ്യൂസും ലഭിച്ചിരുന്നു. **VBS** ന് പോയാൽ ഒരു ദിവസം പിക്നിക്കിന് കൊണ്ടുപോകും എന്നതുകൊണ്ട് മറക്കാതെ പോയിരുന്നു. ഇതാണ് എന്റെ ബാല്യകാല അനുഭവങ്ങൾ.

## നിങ്ങളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് പറയാമോ?

പഠനത്തിൽ വളരെ മിടുക്കനായ വിദ്യാർത്ഥിയായിരുന്നുവെന്ന് പറയാനാവില്ല. ഞാൻ ഒരു **average student** ആയിരുന്നു. സർക്കാർ നിയമങ്ങൾ അനുസരിച്ച് എല്ലാവരും ഒമ്പതാം ക്ലാസ് വരെ വിജയിക്കും. ഒമ്പതാം ക്ലാസ് വരെ എങ്ങനെയോ പാസായി. പത്താം ക്ലാസിൽ പഠിക്കുമ്പോഴാണ് എനിക്ക് ഒരു മാറ്റം ഉണ്ടായത്. ഒരു ദിവസം പ്രിൻസിപ്പൽ എന്റെ അച്ഛനെ വിളിച്ച്, 'നിങ്ങളുടെ മകന്റെ ടിസി വാങ്ങിക്കൊണ്ട് പോകുവിൻ, അവൻ നിമിത്തം ഞങ്ങളുടെ സ്കൂളിന്റെ റിസൾട്ട് മോശമായിത്തീരും, ഞങ്ങളുടെ സ്കൂളിന്റെ സൽപ്പേരും തകരും; അതുകൊണ്ട് ടിസി വാങ്ങിക്കൊണ്ട് പോകുവിൻ' എന്ന് പറഞ്ഞു. "അവന് ഒരു അവസരം നൽകിയാൽ അവൻ വിജയിക്കുമെന്ന് ഞാൻ വാക്ക് നൽകുന്നു" എന്ന് എന്റെ അച്ഛൻ പ്രിൻസിപ്പലിനോട് അപേക്ഷിച്ചതുകൊണ്ട് അതേ സ്കൂളിൽ തന്നെ പത്താം ക്ലാസ് തുടർന്ന് പഠിച്ചു.

അപ്പോഴാണ് ഞങ്ങൾ കുടുംബമായി പ്രാർത്ഥിക്കുവാൻ തുടങ്ങിയത്. പത്താം ക്ലാസ്

പരീക്ഷയ്ക്ക് പോകുന്നതിന് മുമ്പ് ഞങ്ങളുടെ അദ്ധ്യാപികയുടെ അടുക്കൽ പോയി പ്രാർത്ഥിച്ചതിനുശേഷം പരീക്ഷ എഴുതും. കുറഞ്ഞ മാർക്കോടെ പത്താം ക്ലാസ് പാസായി. ഞാൻ പരാജയപ്പെടുമെന്ന് എല്ലാവരും പറഞ്ഞിരുന്നു. എന്നാൽ യേശു എനിക്ക് വിജയം നൽകി. അച്ഛൻ സിവിൽ എഞ്ചിനീയർ ആയിരുന്നതിനാൽ ഞാനും സിവിൽ എഞ്ചിനീയർ ആകണം എന്നത് അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു. പക്ഷേ പത്താം ക്ലാസ് പൂർത്തിയാക്കുന്നതുവരെ എനിക്ക് ആ ലക്ഷ്യമുണ്ടായിരുന്നില്ല. ഒരു എഞ്ചിനീയർ ആകണമെന്നോ മറ്റെന്തെങ്കിലും ആകണമെന്നോ എന്ന യാതൊരു ലക്ഷ്യവും എനിക്കുണ്ടായിരുന്നില്ല. എന്റെ മാർക്കനുസരിച്ച് എഞ്ചിനീയറിംഗ് പഠിക്കാൻ കഴിയില്ല. എന്ത് ചെയ്യണമെന്നറിയാതെ നിൽക്കുമ്പോൾ ഡിപ്ലോമ പഠിക്കാം എന്ന് തീരുമാനിച്ചു. ഞാൻ നേടിയ മാർക്കിന് ഡിപ്ലോമ പോലും പഠിക്കുവാൻ കഴിയാത്ത അവസ്ഥയായിരുന്നു.

## കർത്താവിന്റെ കൃപയാൽ പത്താം ക്ലാസ് പൂർത്തിയാക്കി, ഡിപ്ലോമ പഠിക്കുവാൻ സീറ്റ് ലഭിക്കാത്തതിൽ വിഷമിച്ചുകാണും. അതിനുശേഷം പഠനം തുടരുവാൻ കഴിഞ്ഞോ?

ഞാൻ പോളിടെക്നിക്ക് പഠിക്കുവാൻ ഒരു കോളേജിൽ പോയി സിഎസ് ഗ്രൂപ്പ് ചോദിച്ചു, എന്റെ അച്ഛൻ സിവിൽ എഞ്ചിനീയറിംഗ് ഗ്രൂപ്പ് വേണമെന്ന് പറഞ്ഞു. അതുകൊണ്ട്, രണ്ട് ഗ്രൂപ്പുകൾക്കും ഫോം എഴുതിക്കൊടുത്തു. എന്നാൽ മാർക്ക് കുറവായിരുന്നതിനാൽ അപമാനിതനായി ഞാൻ വന്നു. 'നിനക്ക് ഈ ഗ്രൂപ്പ് വേണമോ? നീ പുറത്ത് പോയി ആദ്യം ഈ ഗ്രൂപ്പിന്റെ പേര് പേപ്പറിൽ എഴുതി പഠിക്കൂ' എന്ന് പറഞ്ഞ് വളരെ അപമാനിച്ചു. അതിനുശേഷം ശിവകാശിയിലുള്ള ഒരു കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് ഗ്രൂപ്പ് ലഭിച്ചു. ആദ്യമൊന്നും എനിക്ക് താല്പര്യമില്ലായിരുന്നെങ്കിലും അച്ഛൻ ഈ ഫീൽഡിൽ ആയിരുന്നതിനാൽ അദ്ദേഹം എന്നെ കുറച്ചൊക്കെ പഠിപ്പിച്ചതുകൊണ്ട് അതിൽ താൽപര്യമുണ്ടായി. ഞാൻ മൂന്ന് വർഷംകൊണ്ട് കോളേജ് പഠനം പൂർത്തിയാക്കി. പക്ഷേ ഞാൻ ഡിഗ്രി പൂർത്തിയാക്കിയില്ല. എല്ലാവരും എന്നോട് ജോലിക്ക് പോകുവാൻ പറഞ്ഞു. പക്ഷേ അച്ഛൻ ബിഇ പഠിക്കണം എന്ന് പറഞ്ഞതുകൊണ്ട്, തിരുനെൽവേലിയിലെ ഒരു കോളേജിൽ പഠനം പൂർത്തിയാക്കി. അവിടെയും ഞാൻ എല്ലാ വിഷയങ്ങളും ജയച്ചിരുന്നില്ല.

## നിങ്ങളുടെ ഈ സാഹചര്യത്തിൽ നിന്ന് ഏത് തരത്തിലുള്ള വഴിത്തിരിവാണ് ഉണ്ടായത്?

കർത്താവിനെ അന്വേഷിക്കുവാൻ തുടങ്ങിയപ്പോൾ എന്റെ ജീവിതത്തിൽ കർത്താവ് അനുഗ്രഹം നൽകുവാൻ തുടങ്ങി. ഞാൻ





ഡിപ്ലോമ പൂർത്തിയാക്കിയതിനുശേഷം കുഞ്ഞുങ്ങളുടെ ശുശ്രൂഷ ആരംഭിച്ചു. സിനിമാ ശുശ്രൂഷയ്ക്കായി ഒരു സഹോദരനോടൊപ്പം പോകുവാൻ തുടങ്ങി. അതിൽ ഗാനങ്ങൾക്ക് ആക്ഷൻ നൽകും. അതിൽ എനിക്കറിയാവുന്ന ആക്ഷൻ ചെയ്യുകയും, നാടകങ്ങളിൽ അഭിനയിക്കുകയും ചെയ്തിരുന്ന എന്റെ ജീവിതം ക്രമേണ സംഗീതത്തിലേക്ക് തിരിഞ്ഞു. ഞാൻ Pad വായിക്കുവാൻ പഠിച്ചു, കുറച്ച് കൂട്ടായ്മകളിൽ വായിക്കുവാൻ ആരംഭിച്ചു. ചില സ്ഥലങ്ങളിൽ ഞാൻ സന്നദ്ധ ശുശ്രൂഷ ചെയ്തുവന്നു. അത് ഞാൻ എന്റെ കോളേജ് പഠനക്കാലത്ത് തന്നെ തുടർന്നുകൊണ്ടിരുന്നു. എന്നാൽ അതുവരെ ഒരു നാമമാത്ര ക്രിസ്ത്യാനി എന്ന മട്ടിലായിരുന്നു എന്റെ ജീവിതം. സഭയിൽ

പോകും, വേദപുസ്തകം വായിക്കും, **Pad** വായിക്കും എന്നതല്ലാതെ, ഞാനും കർത്താവും തമ്മിലുള്ള ബന്ധത്തിൽ കുറവുണ്ടായിരുന്നു.

## ശരി..... എപ്പോഴാണ് യേശുവുമായുള്ള നിങ്ങളുടെ ബന്ധം വളർന്നത്?

കൊറോണ വന്നപ്പോഴാണ് എന്റെ ജീവിതത്തിൽ മാറ്റമുണ്ടായത്. എനിക്കും, എന്റെ അച്ഛനും, അമ്മയ്ക്കും, സഹോദരനും കൊറോണ പിടിപെട്ടു. എവിടേക്കും പോകുവാൻ കഴിയില്ല! വീട്ടിനുള്ളിൽ തന്നെ ഇരിക്കണം. അപ്പോൾ ഒരു മരണഭയം ഉണ്ടായി. ആ സമയത്ത് ഞങ്ങൾ 'വരുവിൻ പ്രാർത്ഥിക്കാം' എന്ന പരിപാടി തുടർച്ചയായി കണ്ടിരുന്നു. പ്രാർത്ഥനാ സമയത്തിൽ "ഇത്രയും ദിവസം ഞാൻ നിനക്കുവേണ്ടി എല്ലാ കാര്യങ്ങളും ചെയ്തു, എനിക്കുവേണ്ടി നീ എന്താണ് ചെയ്തത്?" എന്ന് കർത്താവ് എന്നോട് സംസാരിക്കുവാൻ തുടങ്ങി. അപ്പോഴാണ് ഞാൻ കർത്താവിനോട്: "അങ്ങേയ്ക്ക് ഹിതമില്ലാത്ത ജീവിതം ഞാൻ ജീവിച്ചു എന്നത് സത്യമാണ്! എന്നാൽ ഇപ്പോൾ ഞാൻ എന്നെ സമർപ്പിക്കുന്നു" എന്ന് സമർപ്പണത്തോടെ പ്രാർത്ഥിച്ചു. പഴയ ജീവിതം കണ്ട്, സഭയിലെ സ്നേഹിതരെല്ലാം എന്നെ ഉപേക്ഷിച്ചു. ആ സഭയുടെ പുറകിൽ പോയി മുട്ടിന്മേൽ നിന്ന് എന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ്' എന്റെ ജീവിതത്തെ മാറ്റേണമേ' എന്ന് കരഞ്ഞു സമർപ്പിച്ച് പ്രാർത്ഥിച്ചു.എപ്പോഴാണോ സമർപ്പണത്തോടെ പ്രാർത്ഥിച്ചത്, അപ്പോൾ എന്റെ ജീവിതത്തിൽ ഒരു മാറ്റമുണ്ടായി. അതുവരെ ഞാൻ ഒരു സംഗീതജ്ഞനും പിന്നണി ഗായകനുമായിരുന്നു. കർത്താവിനായി എന്നെ സമർപ്പിച്ചതിനുശേഷം ഗാനാരാധന സ്വയം നടത്തുവാൻ കർത്താവ് എനിക്ക് വഴി തുറന്നുനൽകി. എന്റെ സ്നേഹിതനിലൂടെ എല്ലാ ബുധനാഴ്ചയും എന്റെ ഗ്രാമത്തിലെ ഒരു സഭയിൽ ആരാധന നടത്തുവാൻ കർത്താവ് കൃപ നൽകി. ഇതുവരെയും ആ ശുശ്രൂഷ തുടർച്ചയായി നടന്നുവരുന്നു. എന്റെ അച്ഛനും ശുശ്രൂഷ ചെയ്യുന്നതിനാൽ അദ്ദേഹത്തിനോട് ചേർന്ന് ശുശ്രൂഷ ചെയ്യുവാൻ കർത്താവ് എനിക്ക് കൃപ നൽകിവരുന്നു.




## സൂപ്പർ.... ഇപ്പോൾ നിങ്ങളുടെ ജീവിതം എങ്ങനെയുണ്ട്?

കർത്താവിന് നൽകേണ്ട സമയം കർത്താവിന് നൽകുന്നു. അതുകൂടാതെ, എന്റെ സിവിൽ ബിസിനസ്സ് നന്നായി പോകുന്നു. ശുശ്രൂഷ ചെയ്യാൻ അവസരം കിട്ടുമ്പോഴെല്ലാം ശുശ്രൂഷ ചെയ്തുവരുന്നു. കർത്താവിന് പ്രഥമസ്ഥാനം നൽകുവാൻ തുടങ്ങിയപ്പോൾ കർത്താവ് എന്നെ ഉയർത്തി. അതുകൂടാതെ, കഴിഞ്ഞ വർഷം ഫൈവ് സ്റ്റാർ ചിക്കൻ എന്ന ബിസിനസ്സ് തുടങ്ങാൻ കർത്താവ് കൃപ നൽകി.

## യൗവനക്കാരോട് എന്താണ് പറയുവാൻ ആഗ്രഹിക്കുന്നത്?

നമുക്ക് നല്ലതെന്നു തോന്നുന്നതിൽ നിന്ന് കർത്താവ് നിങ്ങളെ വേർപെടുത്തുന്നുവെന്ന് പറഞ്ഞാൽ കർത്താവിനെ ചോദ്യം ചെയ്യരുത്. എന്തെന്നാൽ, കർത്താവ് എന്തും നന്മയ്ക്കായി ചെയ്യുന്നു, കർത്താവ് ചെയ്യുന്ന കാര്യങ്ങളിൽ ഒരു ലക്ഷ്യമുണ്ടാകും, കർത്താവ് തന്റെ ഹിതം നിറവേറ്റും. ഞാൻ ചെയ്തതുപോലെ കർത്താവിനെ ചോദ്യം ചെയ്യാതെ എല്ലാറ്റിനും നന്ദി പറയുവിൻ. നിങ്ങൾ കർത്താവിനോടുകൂടെയിരുന്നാൽ, കർത്താവ് നിങ്ങളോടുകൂടെയിരിക്കുകയും നിങ്ങളെ അനുഗ്രഹിക്കുകയും ഉയർത്തുകയും ചെയ്യും.





# ഓരോ മിനിറ്റും നമ്മുടേതാണ്!

പ്രിയ യുവ വിജയികൾക്ക് എന്റെ സ്നേഹാശംസകൾ!
കാലങ്ങളും നമുക്ക് നൽകപ്പെട്ടിരിക്കുന്ന സമയവും വളരെ വേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്നു. എന്നാൽ അനേകർ കാലങ്ങളെയും സമയത്തെയും തങ്ങൾക്ക് കീഴടക്കിയാണ് വിജയം പ്രാപിക്കുന്നത്. എന്നാൽ ചിലർ സമയം പാഴാക്കികളഞ്ഞ് പരാജയം മാത്രമാണ് കൈവരിക്കുന്നത്. ഞാൻ സമയം ശരിയായി പ്രയോജനപ്പെടുത്താതെ പാഴാക്കികൊണ്ടിരിക്കുന്നു എന്ന് വേദനപ്പെടുന്നവരാണ് നിങ്ങളെങ്കിൽ ഈ പംക്തി നിങ്ങൾക്കുള്ളതാണ്.....

ടോഡ് ഗ്രേവ്സ് 1972ൽ അമേരിക്കയിൽ ജനിച്ചു. ജോർജിയ സർവകലാശാലയിൽ നിന്ന് ബിരുദം നേടി. യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന സമയത്താണ് സ്വന്തമായി റസ്റ്റോറന്റ് തുടങ്ങാൻ ആഗ്രഹം തോന്നിയത്. ആഗ്രഹം നിറവേറ്റാൻ ഗ്രേവ്സിന് മതിയായ പണമില്ലായിരുന്നു. അതുകൊണ്ട് പണം സ്വരൂപിക്കുന്നതിനായി അദ്ദേഹം കാലിഫോർണിയയിലെ ഒരു എണ്ണ ശുദ്ധീകരണശാലയിൽ ആഴ്ചയിൽ 90 മണിക്കൂർ വിശ്രമമില്ലാതെ ജോലിചെയ്തു. എന്നാൽ അതിൽ നിന്നുള്ള വരുമാനം അദ്ദേഹത്തിന് മതിയായില്ല. അപ്പോഴും പണത്തിന്റെ ആവശ്യമുണ്ടായിരുന്നതിനാൽ, അദ്ദേഹം അലാസ്കയിലേക്ക് താമസം മാറി, ഒരു ദിവസം 20 മണിക്കൂർ കഠിനമായ സാഹചര്യങ്ങളിലൂടെ സാൽമൺ മത്സ്യം പിടിക്കുന്ന ജോലിയിൽ ഏർപ്പെട്ടു.

സ്നേഹിതരുടെയും ബന്ധുക്കളുടെയും സഹായത്തോടെ സ്വന്തം പണം ഉപയോഗിച്ച് **Raising Canes** എന്ന പേരിൽ തന്റെ സ്വപ്നമായ റസ്റ്റോറന്റ് ആരംഭിച്ചു. റസ്റ്റോറന്റ് ജോലികൾ പരിചയമില്ലാത്തതുകൊണ്ട് ആഴ്ചയിൽ ഏഴുദിവസവും കഠിനാധ്വാനം ചെയ്തു. അദ്ദേഹത്തിന്റെ കഠിനാധ്വാനത്തിന്റെ ഫലമായി റെയ്സിങ് കേൻസ് ചിക്കൻ സ്പെഷ്യൽ എന്ന കമ്പനി ഇപ്പോൾ 37 ബില്യൺ ഡോളർ മൂല്യമുള്ള, വളർന്നു വരുന്ന കമ്പനിയായി മാറി. അദ്ദേഹത്തിന്റെ കഠിനാധ്വാനം നിമിത്തം ഈ **Special Fast Food Chicken Fingers** 40ലധികം സ്ഥലങ്ങളിലായി 800 ശാഖകൾ പ്രവർത്തിച്ചുവരുന്നു. തന്റെ കമ്പനി ആരംഭിക്കുന്നതിന് മുമ്പ് അദ്ദേഹം കഷ്ടപ്പെട്ടെങ്കിലും, ടോഡ് ഗ്രേവ്സിന് ആത്മവിശ്വാസം നഷ്ടപ്പെട്ടിരുന്നില്ല. ചെറു പ്രായത്തിൽ 20 മണിക്കൂർ ജോലി ചെയ്ത അദ്ദേഹം സ്വന്തം റെസ്റ്റോറന്റ് തുറക്കുവാനും കഠിനമായി അദ്ധ്വാനിച്ചതുകൊണ്ട്, ഇപ്പോൾ അമേരിക്കയിലെ കോടീശ്വരന്മാരിൽ ഓരാളായിരിക്കുന്നു.




ഇത് വായിക്കുന്ന സ്നേഹിതരെ! നമ്മിൽ പലരും എനിക്ക് വേണ്ടത്ര സമയമില്ല, അതുകൊണ്ട് എനിക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല എന്ന് സമയത്തെക്കുറിച്ച് പരാതിപ്പെടുന്നു. ശ്രദ്ധിച്ചു നോക്കിയാൽ നമ്മൾ തന്നെ നമ്മുടെ സമയം പാഴാക്കുകയാണ്. ടോഡ് ഗ്രേവ്സിനെ പോലെ ഓരോ മിനിറ്റും നാം പ്രയോജനപ്പെടുത്തിയാൽ കാലം നമ്മുടെ പേരും അഭിമാനത്തോടെ പറയും.



# ഹൃദയത്തെ കാത്തുകൊൾവിൻ!





ലോകത്തിലെ എല്ലാവരുടെയും ജീവിതത്തിലെ ഒരുഘട്ടമാണ് യൗവനം. ആ കാലഘട്ടത്തിൽ എടുക്കുന്ന തീരുമാനങ്ങൾ ജീവിതത്തിന്റെ വിജയത്തെ കുറിക്കുന്നു. യൗവനപ്രായത്തിൽ പലരും ഹൃദയത്തിൽ തെറ്റായ തീരുമാനങ്ങൾ എടുക്കുകയും വഴിതെറ്റുകയും ചെയ്യുന്നു. ചിലർ മാത്രം ശരിയായ തീരുമാനങ്ങൾ എടുക്കുന്നു, പരീക്ഷണങ്ങളെ അതിജീവിച്ച് ജീവിതത്തിൽ വിജയം കൈവരിക്കുന്നു. "അവൻ തന്റെ മനസ്സിൽ കണക്കുകൂട്ടുന്നതുപോലെ ആകുന്നു" (സദൃ. 23:7). നമ്മുടെ വായ് കൊണ്ട് പറയുന്നതിനേക്കാൾ ഹൃദയത്തിൽ ചിന്തിക്കുന്നത് എന്താണ് എന്നതാണ് പ്രധാനം. അങ്ങനെ നമ്മുടെ ഹൃദയത്തിലെ ചിന്തകൾ ജീവിതത്തെ രൂപപ്പെടുത്തുന്നു.

ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും നിങ്ങളുടെ ഹൃദയം മോശമാകാതിരിക്കുവാൻ നിങ്ങൾ ശ്രദ്ധിക്കണം. ഇന്ന് പലരും അവരുടെ സാഹചര്യങ്ങളെ കാണിച്ച് തെറ്റായ തീരുമാനങ്ങൾ എടുക്കുകയും വഴി തെറ്റി നടക്കുകയും ചെയ്യുന്നു. യെരുശലേമിൽ നിന്ന് ബാബിലോണിലേക്ക് പോയ ദാനീയേലിന്റെ ജീവിതത്തിൽ സാഹചര്യങ്ങൾ പ്രതികൂലമായിരുന്നു. അടിമയായി കൊണ്ടുപോകപ്പെട്ട ദാനീയേലിനും അവന്റെ കൂടെ





ഉണ്ടായിരുന്നവർക്കും രാജാവിന്റെ ഭക്ഷണം എന്നത് എത്ര വലിയ നന്മയും അനുഗ്രഹവും ആയിരുന്നു. എന്നാൽ അത്തരമൊരു സാഹചര്യത്തിൽ ദാനീയേൽ തന്റെ ഹൃദയത്തിൽ ശരിയായ തീരുമാനമെടുത്തു. "രാജാവിന്റെ ഭോജനംകൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്നു ദാനീയേൽ ഹൃദയത്തിൽ നിശ്ചയിച്ച് തനിക്ക് അശുദ്ധി ഭവിപ്പാൻ ഇടവരുത്തരുതെന്നു ഷണ്ഡാധിപനോട് അപേക്ഷിച്ചു" (ദാനീയേൽ 1:8). പാപം ചെയ്യാനുള്ള സാഹചര്യം വന്നപ്പോഴും ദാനീയേൽ തന്റെ ഹൃദയത്തിൽ ശരിയായ തീരുമാനമെടുത്ത് കർത്താവിന്റെ ഹിതപ്രകാരം പ്രവർത്തിച്ചു.

കർത്താവിന് പ്രിയമില്ലാത്ത ഒരു കാര്യം എത്ര വലിയ കാര്യമായി തോന്നിയാലും, അത് വേണ്ട എന്ന് മാറ്റിവയ്ക്കാൻ നാം മനസ്സിൽ ഉറച്ച തീരുമാനമെടുക്കണം. ഇന്ന് ധാരാളം ദൈവമക്കൾ ജഡീകരായ യൗവനക്കാരെപ്പോലെ വേഗത്തിൽ പ്രണയത്തിൽ വീണുപോകുന്നതും അല്ലെങ്കിൽ വീഴുവാൻ പ്രലോഭിപ്പിക്കപ്പെടുന്നതും സാധാരണയായി മാറിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ലോകത്താൽ മലിനമാകാതിരിക്കുവാൻ നിങ്ങളുടെ ഹൃദയത്തെ കാത്തുസൂക്ഷിക്കുവിൻ. "ആരും നിന്റെ യൗവനം തുച്ഛീകരിക്കരുത്; വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക" ( 1 തിമൊ. 4:12) എന്ന് വചനം വ്യക്തമായി മുന്നറിയിപ്പ് നൽകുന്നു.

ഇസ്രായേൽ ജനതയെ സംരക്ഷിക്കാനും, ന്യായപാലനം ചെയ്യുവാനും കർത്താവ് തിരഞ്ഞെടുത്ത ശിംശോൻ തന്റെ ഹൃദയത്തെ കാത്തുസൂക്ഷിക്കാതെ പ്രലോഭനത്തിൽ വീണു, ഫെലിസ്ത്യരുടെ പിടിയിലാകുകയും, കർത്താവ് അവനിൽ വച്ചിരുന്ന പദ്ധതിയും ദർശനവും നഷ്ടപ്പെടുത്തുകയും ചെയ്തു. നിങ്ങൾക്കുവേണ്ടി കർത്താവ് വലിയ പദ്ധതികളും, ലക്ഷ്യങ്ങളും ഒരുക്കിവെച്ചിരിക്കുന്നു. അത് നിറവേറ്റണമെങ്കിൽ നിങ്ങൾ നിങ്ങളുടെ ഹൃദയത്തെ സംരക്ഷിക്കേണ്ടതുണ്ട്.

"ലോകത്തിന്റെ ഇത്തരം പ്രലോഭനങ്ങളിൽ നിന്ന് ഞാൻ എങ്ങനെ എന്റെ ഹൃദയത്തെ സംരക്ഷിക്കും?" എന്ന് നിങ്ങൾ ചിന്തിക്കുകയാണോ....? "മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല" (1കൊരി. 10:13). എല്ലാ മനുഷ്യരുടെ ഹൃദയത്തിലും യൗവനത്തിൽ ഇത്തരം പ്രലോഭനങ്ങൾ ഉണ്ടാകും.

എല്ലാ ദിവസവും നിങ്ങളുടെ ഹൃദയത്തെ കർത്താവുമായി ബന്ധിപ്പിക്കുക എന്നതാണ് ഇതിൽ നിന്ന് വിടുതൽ നേടാനുള്ള ഏക മാർഗം. ദാനീയേൽ ബാബിലോണിൽ ആയിരുന്നിട്ടും അവന്റെ ഹൃദയം കർത്താവിനോടൊപ്പമായിരുന്നു. അതിനാൽ അവന്റെ ചുറ്റും എത്ര പാപപോരാട്ടങ്ങൾ വന്നപ്പോഴും കർത്താവ് അവനെ വിടുവിച്ചു. നിങ്ങൾ ജഡീകരായ യൗവനക്കാരെപ്പോലെ ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാതെ, "സകല ജാഗ്രതയോടുകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക" (സദൃ. 4:23) എന്ന വേദവചനമനുസരിച്ച് നിങ്ങൾ നിങ്ങളുടെ ഹൃദയം കർത്താവിന് സമർപ്പിക്കുമ്പോൾ, ലോകത്താൽ മലിനമാകാതെ നിങ്ങളെ കാത്തുസൂക്ഷിക്കുവാൻ കർത്താവ് ശക്തിയുള്ള ദൈവമായിരിക്കുന്നു.



എന്റെ പ്രിയപ്പെട്ട യൗവനക്കാരെ, "നിന്റെ ഹൃദയത്തിൽനിന്ന് വ്യസനം അകറ്റി, നിന്റെ ദേഹത്തിൽനിന്നു തിന്മ നീക്കിക്കളക" (സഭാപ്രസംഗി 11:10). ഈ യൗവനപ്രായത്തിൽ നിങ്ങളുടെ ഹൃദയത്തിലെ ചിന്തകൾ ക്രമപ്പെടുത്തിയില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ ജീവിതത്തെ നശിപ്പിക്കും. അതുകൊണ്ട് ഏത് സാഹചര്യത്തിലും നിങ്ങളുടെ ഹൃദയം ദൈവത്തിൽ നിന്ന് വഴിതെറ്റിപോകാതിരിക്കുവാൻ ജാഗ്രതയോടിരിക്കുവിൻ...



# വർദ്ധിപ്പിക്കുന്ന കർത്താവ്!!

**ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്നെ വർധിപ്പിക്കയും ചെയ്യും (എബ്രാ. 6:14),**

**എന്റെ മകനെ(ളെ), "ഞാൻ നിന്നെ അനുഗ്രഹിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യും" എന്ന് കർത്താവ് നിങ്ങളെ നോക്കി അരുളിച്ചെയ്യുന്നു.**

ദൈവം ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ചു, "ദൈവം അവരെ അനുഗ്രഹിച്ചു; നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവ ജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്ന് അവരോടു കല്പിച്ചു". (ഉൽപത്തി. 1:28).

ജലപ്രളയത്തിനുശേഷം ദൈവം നോഹയെയും, അവന്റെ പുത്രന്മാരെയും അനുഗ്രഹിച്ച് അവരോട് അരുളിച്ചെയ്തതെന്തെന്നാൽ: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ (ഉൽപത്തി. 9:1).

സാരെഫാത്തിലെ വിധവയുടെ വീട്ടിൽ കലത്തിലെ മാവു തീർന്നുപോയില്ല, ഭരണിയിലെ എണ്ണ കുറഞ്ഞു പോയതുമില്ല (1രാജാ. 17:16).

പ്രവാചകശിഷ്യന്മാരുടെ ഭാര്യമാരിൽ ഒരുത്തി, കടക്കാരൻ എന്റെ രണ്ട് മക്കളെ പിടിച്ചുകൊണ്ടുപോകാൻ വന്നിരിക്കുന്നു എന്ന് പറഞ്ഞ് കലങ്ങി നിന്നപ്പോൾ, വീട്ടിൽ നിനക്ക് എന്തുള്ളൂ? എന്ന് എലീശ അവളോട് ചോദിച്ചു. അതിന് അവൾ: ഒരു ഭരണി എണ്ണയല്ലാതെ അടിയന്റെ വീട്ടിൽ മറ്റൊന്നും ഇല്ല എന്ന് പറഞ്ഞു. അപ്പോൾ കർത്താവ് അതിനെ വർദ്ധിപ്പിച്ച് അത്ഭുതം ചെയ്തു. (2 രാജാ. 4:1).

5 അപ്പവും 2 മീനും അനുഗ്രഹിച്ച് വർദ്ധിപ്പിച്ചതുകൊണ്ട് ഏകദേശം 5000 പേർ തിന്നു തൃപ്തരായി (മത്തായി 14:17).

## എന്തൊക്കെ അനുഗ്രഹങ്ങളാണ് കർത്താവ് നമുക്കുവേണ്ടി വർദ്ധിപ്പിക്കുന്നത്?

### തലമുറകളെ വർദ്ധിപ്പിക്കുന്ന കർത്താവ്

"ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽപോലെയും അത്യന്തം വർധിപ്പിക്കും" (ഉൽപത്തി. 22:17) എന്ന് കർത്താവ് അബ്രഹാമിന് വാഗ്ദത്തം ചെയ്തതുപോലെ ആ സന്തതി വർദ്ധിച്ചതായി ഉൽപത്തി 1:10ൽ നാം കാണുന്നു. ഉൽപത്തി 26:24 വായിക്കുമ്പോൾ, കർത്താവ് യിസ്ഹാക്കിന് പ്രത്യക്ഷപ്പെട്ടു, നിന്റെ സന്തതിയെ വർദ്ധിപ്പിക്കും എന്ന് അരുളിച്ചെയ്തിരിക്കുന്നു. അബ്രഹാമിന് വാഗ്ദത്തം നൽകിയ കർത്താവ്

യിസ്ഹാക്കിനോടും നിന്റെ സന്തതിയെ വർദ്ധിപ്പിക്കും എന്ന് അരുളിച്ചെയ്തു. അതേ കർത്താവ് ഹന്നായുടെ സന്തതിയെയും വർദ്ധിപ്പിച്ചു.

അതുപോലെ നിങ്ങൾ നിങ്ങളുടെ തലമുറകളുടെ അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ കർത്താവ് തീർച്ചയായും അതിനെ വർദ്ധിപ്പിക്കും. നിങ്ങളുടെ തലമുറ അനുഗ്രഹിക്കപ്പെടണം എന്നതാണ് കർത്താവിന്റെ ആഗ്രഹം. അബ്രഹാമിന് വാഗ്ദത്തം നൽകി നിറവേറ്റിയ കർത്താവ് നിങ്ങളുടെ ജീവിതത്തിലും അനുഗ്രഹങ്ങൾ നിറവേറ്റും.

## കൈകളുടെ പ്രവൃത്തിയെ അനുഗ്രഹിക്കുന്ന കർത്താവ്

"നീ അവനും അവന്റെ വീട്ടിനും അവനുള്ള സകലത്തിനും ചുറ്റും വേലികെട്ടിയിട്ടില്ലയോ? നീ അവന്റെ പ്രവൃത്തിയെ അനുഗ്രഹിച്ചിരിക്കുന്നു; അവന്റെ മൃഗസമ്പത്തു ദേശത്തു പെരുകിയിരിക്കുന്നു" (ഇയ്യോബ് 1:10) എന്ന് സാത്താൻ ഇയ്യോബിനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു. ഇയ്യോബിനെയും അവന്റെ കുടുംബത്തെയും കർത്താവ് വേലികെട്ടി സംരക്ഷിച്ചു. ഞാനും എന്റെ കുടുംബവും യേശുവിന് സ്വന്തമാണ് എന്ന് നിങ്ങൾ ദിവസവും പ്രാർത്ഥിക്കുമ്പോൾ, നിങ്ങളുടെ കുടുംബത്തെ കർത്താവ് സംരക്ഷിക്കും.



"കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും" (ലൂക്കോസ് 6:38). നിങ്ങൾ മറ്റുള്ളവർക്ക് നൽകുന്നതുപോലെ, നിങ്ങളുടെ മടി നിറഞ്ഞ് കവിയുന്നതുപോലെ കർത്താവ് നിങ്ങളെ അനുഗ്രഹിക്കും. കൊടുക്കുന്നവരെ കർത്താവ് അനുഗ്രഹിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യും. കർത്താവിന് ധാരാളമായി കൊടുക്കണം. അങ്ങനെ കൊടുക്കുന്നവരെ കർത്താവ് സമൃദ്ധമായി അനുഗ്രഹിക്കുന്നു.

### സൽപ്രവൃത്തികൾ ചെയ്യുന്നവരെ കർത്താവ് എങ്ങനെയാണ് അനുഗ്രഹിച്ചത്?

"സൽപ്രവൃത്തികൾ ചെയ്യുന്നതിൽ നിങ്ങൾ പെരുകി വരണം" (2കൊരി 9:8) എന്ന് വചനം പറയുന്നു. തബീഥാ എന്ന ശിഷ്യ താൻ താമസിക്കുന്ന പ്രദേശത്തെ വിധവകളെയും ദരിദ്രരെയും ഉദാരമായി സഹായിച്ചിരുന്നു.

എന്നാൽ പെട്ടെന്ന് ഒരു ദിവസം അവൾ മരിച്ചു. അവളെ സംസ്കരിക്കുവാൻ ആരും ആഗ്രഹിച്ചിരുന്നില്ല (അപ്പൊ. 9:36). എന്തെന്നാൽ അവൾ ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. മരണപ്പെട്ട സ്ത്രീക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പത്രൊസിനെ കൊണ്ടുവന്നു. കർത്താവ് അവളെ ജീവനോടെ ഉയിർപ്പിക്കുമെന്ന് അവർ വിശ്വസിച്ചു. അവൾ ജീവിച്ചിരുന്നാൽ ഞങ്ങൾക്ക് കൂടുതൽ നന്മ ചെയ്യുമെന്ന് അവിടെയുള്ള സ്ത്രീകൾ പത്രൊസിനോട് പറഞ്ഞു. അവൾ ജീവനോടിരുന്നാൽ അനേകം ആളുകൾക്ക് നന്മ ചെയ്യും എന്നതിനാൽ കർത്താവ് അവളുടെ ആയുസ്സ് വർദ്ധിപ്പിച്ചു.

എന്തുകൊണ്ടാണ് കർത്താവ് അവരുടെ പ്രാർത്ഥന കേട്ട് ഇത്രയും വലിയ അത്ഭുതം ചെയ്തത്? അനേകർ അവളിൽ നിന്നും പ്രയോജനം നേടിയിട്ടുണ്ട്. അതുകൊണ്ട് കർത്താവ് അത്ഭുതം ചെയ്തു. നിങ്ങളുടെ ആയുസ്സ് വർദ്ധിക്കണമെങ്കിൽ നിങ്ങളും മറ്റുള്ളവർക്ക് പ്രയോജനമാകുന്ന ജീവിതം നയിക്കണം.

## സഭകളെ വർദ്ധിപ്പിക്കുന്ന കർത്താവ്

പെന്തക്കൊസ്തനാളിൽ പരിശുദ്ധാത്മാവ് പകരപ്പെട്ടപ്പോൾ ഒരു ദിവസം 3000 പേർ രക്ഷപ്രാപിച്ചു. 120 പേരുമായി ആരംഭിച്ച സഭ വൈകുന്നേരമായപ്പോൾ 3120 ആയി ഉയർന്നു. അപ്പൊ. 4:4ൽ യെരുശലേമിൽ 5000 പേർ രക്ഷിക്കപ്പെട്ട് സഭയോട് ചേർക്കപ്പെട്ടു. അനവധി പുരുഷന്മാരും സ്ത്രീകളും കർത്താവിൽ വിശ്വസിച്ചു ചേർന്നുവന്നു (അപ്പൊ. 5:14) എന്ന് വായിക്കുന്നു. 3-ാം ദിവസം അനവധിപ്പേർ സഭയിൽ ചേർന്നു, അങ്ങനെ സഭ വളർന്നു. ആത്മാക്കൾ കൂട്ടം കൂട്ടമായി സഭയിൽ ചേർന്നു, ശിഷ്യന്മാരുടെ എണ്ണം ധാരാളമായി വർദ്ധിച്ചു. 2-ാം അദ്ധ്യായത്തിൽ ആരംഭിച്ച സഭ, 4-ാം അദ്ധ്യായത്തിൽ വളരുകയും വർദ്ധിക്കുകയും ചെയ്തു.

പ്രിയപ്പെട്ട യൗവനക്കാരെ! എല്ലാ കാര്യത്തിലും നിങ്ങൾ അഭിവൃദ്ധി പ്രാപിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. എന്നാൽ അതിനുവേണ്ടി കർത്താവ് പ്രതീക്ഷിക്കുന്ന കാര്യങ്ങൾ നിങ്ങളിൽ കാണപ്പെടണം. കർത്താവ് പ്രതീക്ഷിക്കുന്ന കാര്യങ്ങൾ നിങ്ങൾ ചെയ്യുമ്പോൾ നിങ്ങളുടെ വിദ്യാഭ്യാസത്തിലും, ജോലിയിലും, കുടുംബത്തിലും കർത്താവ് നിങ്ങളെ അനുഗ്രഹിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യും!!



# ഉണർവിന്റെ വിത്തുകൾ!

**അന്ത്യകാല ഉണർവിന്റെ നാളുകളിൽ ജീവിക്കുന്ന പ്രിയപ്പെട്ട യൗവനക്കാരെ! നമ്മുടെ കർത്താവ് ഉണർവ് രാജ്യങ്ങളിൽ തീവ്രമായി വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നത് നമ്മുടെ കണ്ണുകളാൽ കാണുകയും, ചെവിയാൽ കേൾക്കുകയും ചെയ്യുന്നു. നാം കാണുന്ന ഈ മഹത്തായ ഉണർവിനായി അനേകം ദൈവമനുഷ്യർ രക്തസാക്ഷിയാകുകയും വിത്ത് വിതയ്ക്കുകയും ചെയ്തിട്ടുണ്ട്. ഉണർവ് പ്രഖ്യാപിക്കുന്ന ഈ നാളുകളിൽ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഉണർവിന്റെ വിത്തുകളായി മാറിയവരെ കുറിച്ച് ഓരോ മാസവും ഈ പംക്തിയിലൂടെ നമുക്ക് കാണാം.**

ഇംഗ്ലണ്ടിലെ കോൺവല്ലിൽ 1781ൽ ഒരു ധനികനായ വ്യാപാരിയുടെ മകനായി ജനിച്ച ഹെന്റി മാർട്ടിൻ, എല്ലാ സൗകര്യങ്ങളോടും കൂടിയാണ് ജീവിച്ചത്. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ പഠിച്ച അദ്ദേഹം ഗണിതശാസ്ത്രത്തിൽ ഒന്നാമനായി ബിരുദം നേടി. യൗവനപ്രായത്തിൽ കർത്താവിനെ അന്വേഷിക്കാതെ ജീവിച്ച അദ്ദേഹം, തന്റെ പിതാവിന്റെ മരണശേഷം കർത്താവിനെ അന്വേഷിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ സഹോദരിയുടെ പ്രാർത്ഥനയും, പാസ്റ്ററിന്റെ ഉപദേശവും ഡേവിഡ് ബ്രെനാർഡിന്റെ പുസ്തകവും അദ്ദേഹത്തെ പൂർണ്ണമായും കർത്താവിലേക്ക് അടിപ്പിച്ചു. ആത്മീയ ജീവിതത്തിൽ വളർന്നുവന്ന മാർട്ടിന് ഡേവിഡ് ബ്രെയിനാർഡ്, വില്യം കാരി തുടങ്ങിയ മിഷനറിമാരുടെ ജീവചരിത്രങ്ങൾ വളരെയധികം സ്വാധീനം ചെലുത്തുകയും സ്വയം ഒരു മിഷനറിയാകാൻ തീരുമാനിക്കുകയും ചെയ്തു. അതിനുവേണ്ടി ദിവസവും മണിക്കൂറുകളോളം പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചുകൊണ്ട് അദ്ദേഹം സ്വയം തയാറായി. ലോകത്തെ വെറുക്കുവാനും കർത്താവിനെ മാത്രം മഹത്വപ്പെടുത്തുവാനും തീരുമാനിച്ചു. താൻ വിവാഹം കഴിക്കാൻ ആഗ്രഹിച്ച ലിഡിയ എന്ന പെൺകുട്ടി മിഷനറിയായി വരുവാൻ ആഗ്രഹിക്കുന്നില്ല എന്ന് മനസ്സിലാക്കിയപ്പോൾ അദ്ദേഹം തന്റെ വിവാഹം



ഉപേക്ഷിച്ച് ദൈവവിളി അനുസരിച്ചതുകൊണ്ട്, 1805ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ ആംഗ്ലിക്കൻ പട്ടക്കാരന്റെ സ്ഥാനം നൽകി ആദരിച്ചു. തന്റെ 24-ാം വയസ്സിൽ 9 മാസത്തെ യാത്രയ്ക്ക് ശേഷം അദ്ദേഹം ഒരു മിഷനറിയായി ഇന്ത്യയിലെ കൽക്കട്ടയിലെത്തി, ഡേവിഡ് ബ്രെയിനാർഡിനൊപ്പം താമസിച്ചു.

ഏതാനും ആഴ്ചകൾക്കുശേഷം ഒരു ദിവസം മാർട്ടിൻ പൂന്തോട്ടത്തിൽ ഇരുന്നപ്പോൾ, ഒരു വലിയ സംഘം ആളുകൾ രഥം വലിക്കുന്നതും, രഥ ചക്രങ്ങൾക്കിടയിൽ ഒരു ആൺകുട്ടി ചതഞ്ഞരഞ്ഞതും, ഭർത്താവ് കൊല്ലപ്പെടുകയും ഭാര്യയെ ജീവനോടെ കത്തിക്കുകയും ചെയ്യുന്നത് കണ്ട് മാർട്ടിൻ ഞെട്ടിപ്പോയി. അവരുടെ അന്ധവിശ്വാസം എങ്ങനെ മാറ്റാൻ കഴിയുമെന്ന് വില്യം കാരിയോട് ചോദിച്ചപ്പോൾ, 'കർത്താവിന്റെ വചനത്തിന് മാത്രമേ അവരെ വിടുവിക്കുവാൻ കഴിയൂ' എന്ന് അദ്ദേഹം പറഞ്ഞു. ഉടൻ തന്നെ അദ്ദേഹം ബംഗാളി, സംസ്കൃതം, പേർഷ്യൻ, ഹിന്ദുസ്ഥാനി, അറബിക് ഭാഷകൾ പഠിക്കാൻ തുടങ്ങി. പാട്നയിൽ രാവിലെ അദ്ദേഹം പ്രസംഗിക്കുകയും, വൈകുന്നേരങ്ങളിൽ തിരുവചനങ്ങൾ ഹിന്ദുസ്ഥാനി, പേർഷ്യൻ, അറബിക് ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുവാനും തുടങ്ങി. ഭാരതീയർക്ക് വേദങ്ങൾ പഠിക്കാൻ സ്കൂളുകൾ സ്ഥാപിക്കുകയും അവരെ എഴുതാനും വായിക്കാനും പഠിപ്പിക്കുകയും ചെയ്തു. അവിടെയുള്ള 60 ദശലക്ഷം ഇന്ത്യൻ വംശജർക്ക് സുവിശേഷം എത്തിക്കുവാനുള്ള ഭാരത്തോടെ അദ്ദേഹം രാത്രിയിൽ പുതിയ നിയമം പരിഭാഷപ്പെടുത്തി. ( ഒരു അദ്ധ്യായം പരിഭാഷപ്പെടുത്താൻ 10 മണിക്കൂർ എടുത്തു). അദ്ദേഹം ദിനാപൂരിൽ 5 സ്കൂളുകൾ സ്ഥാപിച്ചു. ഇതിലൂടെ നിരവധി പാവപ്പെട്ട കുട്ടികൾക്ക് സാക്ഷരത ലഭിച്ചു.

അദ്ദേഹത്തിന്റെ കഠിനാധ്വാനത്തിലൂടെ പുതിയ നിയമം ഹിന്ദിയിൽ പ്രസിദ്ധീകരിച്ചു. ഇന്ത്യയിൽ മാത്രമല്ല, അറബ്, പേർഷ്യൻ, സിറിയൻ, ചൈനീസ്, ആഫ്രിക്കൻ രാജ്യങ്ങളിലെ വലിയൊരു ഭാഗത്തേക്കും തുർക്കിയിലെ ജനങ്ങൾക്കും സുവിശേഷം അറിയിക്കുവാൻ 18 മാസത്തിനുള്ളിൽ പുതിയനിയമം അറബി, പേർഷ്യൻ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തു. നിരവധി സാധുക്കളുടെയും മുസ്ലീങ്ങളുടെയും മദ്ധ്യത്തിൽ ശുശ്രൂഷ ചെയ്യുകയും അനേകരെ ശുശ്രൂഷകരാക്കി മാറ്റുകയും ചെയ്തു.

മാർട്ടിന്റെ കഠിനാധ്വാനവും ഇന്ത്യയിലെ പൊടിപടലങ്ങളും അദ്ദേഹത്തിന്റെ ശ്വാസകോശത്തെ ബാധിച്ചു, കാലാവസ്ഥ അദ്ദേഹത്തിന് യോജിക്കുന്നതായിരുന്നില്ല, അദ്ദേഹത്തിന്റെ ശരീരം വളരെ ബലഹീനപ്പെട്ടതിനാൽ, തന്റെ മാതൃരാജ്യത്തിലേക്ക് പോകുവാൻ ഡോക്ടർമാർ നിർദ്ദേശിച്ചു. എന്നാൽ പേർഷ്യയിലേക്ക് പോകാൻ അദ്ദേഹം തീരുമാനിച്ചു. ചൂട് കൂടുതലായതിനാൽ അവിടെ താമസിക്കുവാൻ കഴിയില്ലെന്ന് പറഞ്ഞിട്ടും, കർത്താവിനുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യുന്നതാണ് എന്റെ ലക്ഷ്യം എന്നു പറഞ്ഞ് അദ്ദേഹം പേർഷ്യയിലെ ബുഷീറിലേക്ക് പോയി. ചുട്ടുപൊള്ളുന്ന ചൂട് അദ്ദേഹത്തിന് കൂടുതൽ അപകടകാരിയായതിനാൽ മലയോര പട്ടണമായ സിറാജിൽ താമസിച്ച് ശുശ്രൂഷ തുടർന്നു. തന്റെ കഠിനാധ്വാനത്തിലൂടെ 9 മാസത്തിനുള്ളിൽ അദ്ദേഹം പേർഷ്യൻ ഭാഷയിൽ മനോഹരമായ ഒരു പുതിയ നിയമം പ്രസിദ്ധീകരിച്ചു.

ഇത് വായിക്കുന്ന പ്രിയ യൗവനക്കാരെ!

ദർശന വീരന്മാർ അധികകാലം ജീവിച്ചിരിക്കണമെന്നില്ല; എന്നാൽ അവർ നിറവേറ്റിയ ദൗത്യങ്ങൾ തുടർന്നും ജനങ്ങളെ യേശുവിലേക്ക് ആകർഷിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഹെന്റി മാർട്ടിന്റെ ബൈബിൾ പരിഭാഷ വലിയൊരു ഉണർവിന് കാരണമായി എന്നുമാത്രമല്ല, ഇന്നും അനേകർക്ക് ഒരു കോളിംഗ് സന്ദേശം അറിയിക്കുന്നതുമായിരിക്കുന്നു. സുഖജീവിതം ഉപേക്ഷിച്ച് ദൈവവേല ചെയ്യുവാനായി തന്നെ സമർപ്പിച്ച ഹെന്റി മാർട്ടിനെപ്പോലെ, കർത്താവിന്റെ സുവിശേഷ വേല ചെയ്യുവാൻ ക്രിസ്തുവിന്റെ സ്നേഹം നിങ്ങളെ പ്രേരിപ്പിച്ചിട്ടില്ലേ! ഇന്നും കർത്താവിന്റെ വിളി നിങ്ങളിലേക്ക് എത്തിച്ചേരുന്നു. ഉണർവ് പരത്തുന്ന ശുശ്രൂഷയിൽ കർത്താവ് കാണിച്ചുതരുന്ന സ്ഥലങ്ങളിലേക്ക് പോകുവാൻ നിങ്ങൾ തയാറാണോ?





# ദാവീദ്
## മോഹംകൊണ്ട ഹൃദയം

കർത്താവ് ദാവീദ് രാജാവിനെ അനുഗ്രഹിക്കുകയും അദ്ദേഹത്തിന് എല്ലാത്തിലും വിജയം നൽകുകയും ചെയ്തു. കർത്താവിന്റെ സഹായത്താൽ ദാവീദിന്റെ സൈന്യം ശത്രുക്കളെ പരാജയപ്പെടുത്തി. എന്നാൽ ഒരു ദിവസം അദ്ദേഹം യുദ്ധത്തിന് പോകാതെ കൊട്ടാരത്തിൽ ആയിരുന്നപ്പോൾ, ബെത്ത്-ശേബ എന്ന സുന്ദരിയായ ഒരു സ്ത്രീ കുളിക്കുന്നത് കണ്ടു, അവളെ സ്വന്തമാക്കണമെന്ന ആഗ്രഹം പിശാച് ദാവീദിന്റെ ഹൃദയത്തിൽ പ്രചോദിപ്പിച്ചു. അവളെ വിവാഹം കഴിക്കാൻ ആഗ്രഹിച്ച അയാൾ അവളുടെ ഭർത്താവായ ഊരിയാവിനെ കൊല്ലുവാൻ പദ്ധതിയിട്ടു. ബെത്ത്-ശേബയെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചുവരുത്തി (2ശമു.11 അദ്ധ്യായം). ദാവീദ് പാപത്തിൽ വീഴ്ന്നുപോയതിനാൽ കർത്താവിനെ ദർശിക്കുവാൻ അവന് കഴിഞ്ഞില്ല (2 ശമി. 12:1-13). കർത്താവ് തന്റെ പ്രവാചകനിലൂടെ ദാവീദിന് വെളിപ്പെടുത്തിയപ്പോൾ, പാപം ഏറ്റുപറഞ്ഞ്, "നിർമലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ" എന്ന് പ്രാർത്ഥിച്ചു.



# യൂദാ ഈസ്കര്യോത്താവ്
## പണത്തോടുള്ള ആഗ്രഹം ഉണ്ടാക്കിയ ഹൃദയം

കർത്താവായ യേശുക്രിസ്തുവിന്റെ ശുശ്രൂഷയിൽ വിളിക്കപ്പെട്ട ഒരു ശിഷ്യൻ. യേശുവിനോടുകൂടെ മൂന്നര വർഷം ദൈവരാജ്യത്തിന്റെ വേലകൾ ചെയ്തവൻ. പണസഞ്ചി തന്റെ പക്കൽ ഉള്ളതുകൊണ്ട് (യോഹ. 12:4-6) 30 വെള്ളിക്കാശിന് യേശുവിനെ ഒറ്റിക്കൊടുക്കാൻ സാത്താൻ അവന്റെ ഹൃദയത്തെ പ്രേരിപ്പിച്ചു. യേശുവും തന്റെ ശിഷ്യന്മാരുമായുള്ള കൂട്ടായ്മയിൽ നിന്ന് അവൻ പിന്മാറുകയും ശിക്ഷ അനുഭവിക്കുകയും ചെയ്തു. പൈശാചിക ഹൃദയത്തിന് ഉടമ എന്നും ആരോപണമുണ്ടായി. ദൈവവേല ചെയ്യേണ്ടിയിരുന്നവൻ തന്റെ ഹൃദയത്തിലെ ചിന്തകളെ ശരിയായി ശ്രദ്ധിക്കാതിരുന്നതിനാൽ കെട്ടിഞാന്നു ചത്തു (മത്തായി 27:5).



# ശലോമോൻ
## വഴുവഴുപ്പുള്ള ഹൃദയം

ശലോമോൻ കർത്താവിനായി മഹത്തായ ആലയം പണിതു. കർത്താവ് അത് അംഗീകരിച്ചു. തന്റെ കണ്ണും, ഹൃദയവും എപ്പോഴും ആ ആലയത്തിലായിരിക്കുമെന്ന് കർത്താവ് ശലോമോനോട് പറഞ്ഞിരുന്നു. അതേസമയം, തന്റെ കൽപ്പനകൾ അനുസരിക്കാതെ പിന്മാറിപ്പോയാൽ ആ ആലയത്തെ തന്റെ മുമ്പിൽനിന്നു നീക്കിക്കളയുമെന്ന് കർത്താവ് അരുളിച്ചെയ്തു. എന്നിട്ടും, കർത്താവിന്റെ കല്പനകൾക്ക് വിരുദ്ധമായി അന്യജാതിക്കാരത്തികളായ അനേകം സ്ത്രീകളുമായി അയാൾ ബന്ധം പുലർത്തുകയും ആ സ്ത്രീകൾ അവന്റെ ഹൃദയത്തെ കർത്താവിൽ നിന്ന് അകറ്റുവാൻ കാരണമാവുകയും ചെയ്തു (1 രാജാ11:3). കർത്താവിന് മഹത്തായ ആലയം പണിത ശലോമോൻ അന്യദൈവങ്ങൾക്കായി പൂജാഗിരികൾ നിർമ്മിച്ചു. കർത്താവിന് നൽകേണ്ട സ്ഥാനം മറ്റ് കാര്യങ്ങൾക്ക് നൽകുമ്പോൾ, അവ നമ്മെ കർത്താവിൽ നിന്നും വേർപെടുത്തുന്നു. അവ നമുക്കും കർത്താവിനുമിടയിൽ ഒരു വിഗ്രഹമായി മാറുകയും കർത്താവിന്റെ വഴികളിൽ നിന്ന് നമ്മെ വേർപെടുത്തുകയും ചെയ്യുന്നു.



# നെബൂഖദ്നേസർ
## അഹങ്കരിക്കുന്ന ഹൃദയം

അത്യുന്നതനായവൻ മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും, അതിനെ തനിക്കു ബോധിച്ചവനു കൊടുക്കുകയും ചെയ്യുന്നു എന്ന് നെബുഖദ്നേസർ രാജാവിന് അറിയാമായിരുന്നിട്ടും, അത്യധികം അഹങ്കാരത്തോടെ, ഇത് എന്റെ പ്രതാപമഹത്വത്തിനായിട്ടു രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ എന്ന് പറഞ്ഞു. രാജാവ് ഇപ്രകാരം പറഞ്ഞയുടനെ, കർത്താവിന്റെ ന്യായവിധി അവന്റെമേൽ വന്നു, അവൻ ഒരു മൃഗത്തെപ്പോലെയായി. ഒരുപക്ഷേ ഇന്നും ചിലർ ആ രാജാവിനെപ്പോലെ തങ്ങളുടെ ഭരണത്തിൽ അഭിമാനിക്കുന്നുണ്ടാകാം. രാജ്യത്തിന്റെ അഭിവൃദ്ധി തങ്ങളുടെ സൃഷ്ടിയാണെന്ന് അവകാശപ്പെടാം. അഹങ്കാരത്തോടെ സംസാരിക്കാം. എന്നാൽ, ഉന്നതങ്ങളിൽ വസിക്കുന്ന അത്യുന്നതനായ ദൈവം മാനുഷിക ചിന്തകൾ നന്നായറിയുന്നു. അവരുടെ പ്രൗഢമായ പ്രസംഗങ്ങൾ കർത്താവിന് അറിയാം. കർത്താവ് നിശ്ചയിച്ച കാലം കഴിഞ്ഞപ്പോൾ, നേബൂഖദ്നേസർ സുബോധം വീണ്ടെടുത്തു. അവൻ അത്യുന്നതനായ ദൈവത്തെ സ്തുതിക്കുകയും എന്നേക്കും ജീവിച്ചിരിക്കുന്നവനെ സ്മരിച്ചു ബഹുമാനിക്കുകയും ചെയ്തു (ദാനീ. 4:34).

# അത്ഭുത വാർത്തകൾ

ഹലോ സ്നേഹിതരെ, നിങ്ങൾക്കെല്ലാവർക്കും സുഖമാണോ? യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് എന്റെ സ്നേഹാശംസകൾ !

നിങ്ങൾക്കെല്ലാവർക്കും സർപ്രൈസ് ഇഷ്ടമാണോ? ഈ പുതുവർഷത്തിൽ നിങ്ങൾക്കെല്ലാവർക്കും ഒരു വലിയ സർപ്രൈസ് കാത്തിരിക്കുന്നു. അത് എന്തെന്നാണ് കാണുവിൻ! വേദപുസ്തകത്തിൽ മാത്രമല്ല നാം ജീവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമുക്കും, സഹ മനുഷ്യർക്കും വേണ്ടി കർത്താവ് ചെയ്യുന്ന ഗ്രഹിക്കുവാൻ കഴിയാത്ത കാര്യങ്ങളും, അമാനുഷികമായ അത്ഭുതങ്ങളുമാണ് അത്ഭുത വാർത്തകൾ എന്ന തലക്കെട്ടിൽ കാണുവാൻ പോകുന്നത്.

സർപ്രൈസ് നിങ്ങൾക്ക് ഇഷ്ടമായോ? ഈ മാസം എന്താണെന്ന് കാണുവാൻ നിങ്ങൾ തയാറാണോ?

വരുവിൻ ഈ മാസത്തെ അത്ഭുത വാർത്ത കാണാം.

ഇസ്രായേൽ രാജ്യത്തെ നസ്രത്ത് എന്ന നഗരത്തിൽ നിന്ന് 7 കിലോമീറ്റർ വടക്കുകിഴക്കായാണ് കാനാൻ നഗരം സ്ഥിതി ചെയ്യുന്നത്. ഈ നഗരം വളരെ സമ്പന്നമാണ്. എവിടെ നോക്കിയാലും മനോഹരമായ മുന്തിരിത്തോട്ടങ്ങൾ. യഹൂദാ പാരമ്പര്യമനുസരിച്ച്, അവിടെ വിവാഹചടങ്ങുകൾ 7 ദിവസം നീണ്ടുനിൽക്കും. ആ വിവാഹത്തിൽ ബന്ധുക്കളും സ്നേഹിതരും എത്തി നവദമ്പതികൾക്ക് ആശംസകൾ നേരുന്നു. ആട്ടവും പാട്ടുമായി വിവാഹം നടക്കുമ്പോൾ അതിഥികൾക്ക് പകർന്നുകൊണ്ടിരുന്ന വീഞ്ഞ് കുറഞ്ഞു തുടങ്ങി. ഇത് ആ വിവാഹം നടക്കുന്ന വീട്ടുകാർക്ക് വലിയ നാണക്കേടിന്റെ സാഹചര്യം സൃഷ്ടിച്ചു. ഈ സന്ദേശം യേശുവിനെ അറിയിച്ചു. യേശു ആ സമയത്ത് വെള്ളത്തെ മുമ്പുണ്ടായിരുന്ന വീഞ്ഞിനേക്കാൾ അധികം സ്വാദിഷ്ടമായ വീഞ്ഞാക്കി മാറ്റി അമാനുഷികമായ അത്ഭുതം പ്രവർത്തിച്ചു.





**സ്നേഹിതരെ, അല്പം ചിന്തിച്ചുനോക്കുവിൻ! വീഞ്ഞ് ഉണ്ടാക്കുവാൻ കുറഞ്ഞത് 5 മുതൽ 6 ദിവസം വരെ വേണം. എന്നാൽ യേശു ഒരു നിമിഷംകൊണ്ട് വെള്ളത്തെ ഉയർന്ന ഗുണമേന്മയുള്ള വീഞ്ഞാക്കി മാറ്റി, ശൂന്യതയെ നിറവാക്കുകയും ലജ്ജയെ സന്തോഷമാക്കി മാറ്റുകയും ചെയ്തു.**

**ഇത്തരം അത്ഭുതങ്ങൾ യേശുവിന്റെ കാലത്ത് സംഭവിക്കും എന്ന് ചിന്തിച്ചുകൊണ്ടിരുന്നപ്പോഴാണ്, കോയമ്പത്തൂരിൽ നിന്ന് ആവേശകരമായ ഒരു വാർത്ത എനിക്ക് ലഭിച്ചത്.**

നമ്മുടെ തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ ക്രിസ്തുവിനെ സ്വീകരിച്ച ഒരു പാവപ്പെട്ട പെൺകുട്ടി തന്റെ അമ്മയോടൊപ്പം താമസിച്ചുകൊണ്ടിരുന്നു. വളരെ കഷ്ടപ്പെട്ടാണ് അവൾ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയത്. അവൾക്ക് വിവാഹപ്രായമായി. അവരുടെ ബന്ധുക്കൾ സത്യദൈവത്തെ അറിയാത്തവരായിരുന്നു. ആ യൗവനക്കാരിയായ പെൺകുട്ടിയും, അമ്മയും കർത്താവിനോട് പ്രാർത്ഥിച്ച് ഒരു നല്ല വരനെ അന്വേഷിച്ചപ്പോൾ, അനുയോജ്യമായ ഒരു തുണയെ കർത്താവ് കാണിച്ചുകൊടുത്തു, വിവാഹ ദിവസം തീരുമാനിച്ചു, എല്ലാ കാര്യങ്ങളും നടന്നുകൊണ്ടിരുന്നു. എന്നാൽ അവരുടെ പക്കൽ പണമില്ല. അവരുടെ ബന്ധുക്കളും സഹായിക്കുവാൻ എത്തിയില്ല. എന്നാൽ ആ പെൺകുട്ടിയും അമ്മയും യേശുവിൽ മാത്രം ആശ്രയിച്ചു, തന്റെ വിവാഹത്തിനുള്ള എല്ലാ ആവശ്യങ്ങളും ഒരു പുസ്തകത്തിൽ എഴുതി എല്ലാ ദിവസവും അതിൽ കൈവച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവർ തങ്ങളുടെ ആവശ്യങ്ങൾ ഒരു



മനുഷ്യരോടും പറയാറില്ല. വിവാഹത്തിന് ഒരാഴ്ച ശേഷിച്ചിരുന്നപ്പോൾ, ആ അമ്മ രോഗബാധിതയായി. ഈ പെൺകുട്ടിക്ക് എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു, പക്ഷേ അവൾ യേശുവിനെ മാത്രം വിശ്വസിച്ചു. എന്താണ് സംഭവിച്ചതെന്ന് നിങ്ങൾക്കറിയാമോ?

ഒരു ദിവസം അവളുടെ പ്രാർത്ഥനാ കൂട്ടായ്മയിലെ സ്നേഹിതർ അവളെ കാണാൻ വന്ന് അവൾക്ക് ഒരു വിവാഹ സമ്മാനം നൽകി. അവൾ അത് തുറന്ന് നോക്കിയപ്പോൾ അതിൽ സ്വർണാഭരണങ്ങൾ ഉണ്ടായിരുന്നു, അത് മാത്രമല്ല, ആ പെൺകുട്ടിയുടെ വിവാഹത്തിനുള്ള സാമ്പത്തികാവശ്യങ്ങളും അവർ നിറവേറ്റി.

അതിലും അത്ഭുതമായ കാര്യം എന്തെന്നാൽ അവർ എവിടെനിന്നും കടം വാങ്ങിയില്ല, അങ്ങനെയൊരു ആവശ്യമുണ്ടെന്ന് ആരോടും പറഞ്ഞിട്ടുമില്ല. കർത്താവ് ചില മനുഷ്യരുടെ ഹൃദയത്തെ സഹായിക്കുവാൻ പ്രേരിപ്പിച്ചു. ആ പെൺകുട്ടി പ്രാർത്ഥിച്ചതുപോലെ, യേശു ഒരു നല്ല പിതാവായി മുന്നിൽ നിന്ന് അവളുടെ വിവാഹം നടത്തിക്കൊടുത്തു. രക്ഷിക്കപ്പെടാത്ത ബന്ധുക്കൾ അമ്പരന്നുപോയി. യേശുവാണ് സത്യദൈവമെന്ന് അവർ അറിയുവാൻ തക്കവണ്ണം കർത്താവ് വലിയ അത്ഭുതങ്ങൾ പ്രവർത്തിച്ചു.



നോക്കുവിൻ സ്നേഹിതരെ, കാനാവിൽ അത്ഭുതം ചെയ്ത കർത്താവ് ഇന്നും ഇത്തരത്തിലുള്ള നിരവധി അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചുകൊണ്ട് താൻ ഇന്നും ജീവിച്ചിരിക്കുന്നു എന്ന് തെളിയിക്കുകയാണ്. ഇന്ന് നിങ്ങളും ഏതോ ഒരു ആവശ്യത്തോടെ ഇരിക്കുന്നുവോ? കലങ്ങാതിരിക്കുവിൻ. നിങ്ങൾക്കും കർത്താവ് ഇത്തരം അത്ഭുതങ്ങൾ ചെയ്യും. അത്ഭുതം വൈകിയാലും തുടർന്നും നാം വിശ്വാസത്തോടെ പ്രാർത്ഥിക്കുമ്പോൾ തക്കസമയത്ത് അത്ഭുതം കാണും.

# പ്രാർത്ഥനാ ഡയറി

## ഫെബ്രുവരി 2025



1. ഗാസ യുദ്ധം ആരംഭിച്ചതിനുശേഷം ഏകദേശം 45,028 പേർ മരണപ്പെട്ടു. 1,06,962 പേർക്ക് പരിക്കേറ്റു. നിലവിൽ ആക്രമണത്തിൽ 24 മണിക്കൂറിനിടയിൽ 52 പേർ മരണപ്പെടുന്നു. ഈ സ്ഥിതി മാറുവാനും അവിടെ യുദ്ധം പൂർണമായും അവസാനിക്കുവാനും പ്രാർത്ഥിക്കുവിൻ.

2. ഇരു രാജ്യങ്ങളും തമ്മിലുള്ള യുദ്ധത്തിന് അവസാനം വരുവാനും ജനങ്ങളുടെ ആവലാതികൾ മാറുവാനും പ്രാർത്ഥിക്കുവിൻ.

3. ഗാസയിൽ ഉടനീളം സംഭവിക്കുന്ന ക്ഷാമം അവസാനിക്കുവാനും, ഭക്ഷണ വിതരണം തടസ്സമില്ലാതെ നടക്കുവാനും പ്രാർത്ഥിക്കുവിൻ.

4. ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

5. വ്യോമാക്രമണത്തിൽ മരണപ്പെട്ട 79 പേരുടെ കുടുംബങ്ങളുടെ ആശ്വാസത്തിനും, വ്യോമാക്രമണം നിർത്തലാക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുവിൻ.

6. ഇതുവരെ 44,000ത്തിലധികം ആളുകൾ മരണപ്പെട്ടു എന്ന് റിപ്പോർട്ട് പറയുന്നു. ഈ യുദ്ധം അവസാനിക്കുവാനായി പ്രാർത്ഥിക്കുവിൻ.

7. ഇരു രാജ്യങ്ങൾക്കുമിടയിൽ തുടരുന്ന ആക്രമണങ്ങളിൽ കുടുങ്ങിക്കിടക്കുന്ന നിരപരാധികളുടെ സുരക്ഷയ്ക്കും, അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും വേണ്ടി പ്രാർത്ഥിക്കുവിൻ.

8. പഠനം പൂർത്തിയാക്കി ജോലിക്കായി കാത്തിരിക്കുന്ന യൗവനക്കാർക്ക് പഠനത്തിന് അനുയോജ്യമായ ജോലി ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

9. യൗവനക്കാർ കർത്താവുമായി കൂട്ടായ്മയും ബന്ധവുമുള്ളവരായി ശുശ്രൂഷ ചെയ്യുവാൻ എഴുന്നേൽക്കുവാനായി പ്രാർത്ഥിക്കുവിൻ.

10. ഒരു പാപവും യൗവനക്കാരെ അശുദ്ധരാക്കാതിരിക്കുവാൻ, അവർ വിശുദ്ധരായി സംരക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുവിൻ.

11. പാപത്തിലും ശാപത്തിലും കുടുങ്ങിക്കിടക്കുന്ന യൗവനക്കാരുടെ വിടുതലിനായി പ്രാർത്ഥിക്കുവിൻ.

12. സഭകളിൽ ദൈവജനങ്ങൾക്കിടയിൽ സത്യവും, സ്നേഹവും, ഐക്യവും ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

13. ദൈവശുശ്രൂഷകർക്കും, ദൈവ മക്കൾക്കുമെതിരെ പ്രവർത്തിക്കുന്ന ശത്രുവിന്റെ എല്ലാ പ്രവൃത്തികളും നശിച്ചുപോകുന്നതിനായി പ്രാർത്ഥിക്കുവിൻ.

14. കർത്താവ് വിശുദ്ധനായിരിക്കുന്നതുപോലെ, എല്ലാ ദൈവശുശ്രൂഷകരും, ദൈവമക്കളും കർത്താവിൽ തങ്ങളെതന്നെ വിശുദ്ധീകരിക്കുവാനും, ഒരുക്കത്തോടെ കർത്താവിനെ ആരാധിക്കുവാനും പ്രാർത്ഥിക്കുവിൻ.

15. അന്ത്യനാളുകളിൽ എല്ലാ ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരുമെന്ന് വാഗ്ദത്തം ചെയ്ത കർത്താവ് തന്റെ അഭിഷേകം അളവില്ലാതെ ചൊരിയുന്നതിനായി പ്രാർത്ഥിക്കുവിൻ.

16. യാചിക്കുന്ന എല്ലാവരുടെയും മേൽ കർത്താവ് അഗ്നി അഭിഷേകം പകരുവാനും, വരങ്ങളും ഫലങ്ങളും കൊണ്ട് അവരെ നിറയ്ക്കുവാനും, അന്ത്യകാല ഉണർവ് സഭകളിൽ ഉണ്ടാകുവാനും പ്രാർത്ഥിക്കുവിൻ.

17. ഇന്ത്യയിൽ പ്രചരിക്കുന്ന തെറ്റായ ഉപദേശങ്ങൾ തുടച്ചുനീക്കപ്പെടുന്നതിനും, ജനങ്ങൾക്കിടയിൽ സുബോധം ഉണ്ടാകുവാനും വേണ്ടി പ്രാർത്ഥിക്കുവിൻ.

18. ആഗോളതലത്തിൽ പ്രതിവർഷം 8 ലക്ഷം പേർ ആത്മഹത്യ ചെയ്യുന്നു. ഓരോ 40 സെക്കൻഡിലും ഒരാൾ ആത്മഹത്യ ചെയ്ത് മരണപ്പെടുന്നത് തടയപ്പെടുന്നതിനായി പ്രാർത്ഥിക്കുവിൻ.

19. അപകട മരണങ്ങളെക്കാൾ ആത്മഹത്യാ മരണങ്ങൾ കൂടുതലായിരിക്കുന്നു. ഈ ആത്മഹത്യയുടെ ദുരാത്മാവ് ബന്ധിക്കപ്പെടുന്നതിനായി പ്രാർത്ഥിക്കുവിൻ.

20. കുടുംബ പ്രശ്നങ്ങൾ, പ്രണയം, വിഷാദം, പരീക്ഷകളിലെ പരാജയം തുടങ്ങിയ കാരണങ്ങൾ കാണിച്ച് ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്ന ദുരാത്മാക്കളെ ബന്ധിച്ച് പ്രാർത്ഥിക്കുവിൻ.

21. ആത്മാഹത്യാ ചിന്തകൾ കൊണ്ടുവരുന്ന പിശാചിന്റെ പ്രവർത്തികൾ നശിച്ചുപോകുവാനും, ദൈവസ്നേഹം എല്ലാവരും അറിയുവാനും വേണ്ടി പ്രാർത്ഥിക്കുവിൻ.

22. ഇന്ത്യയിൽ ഏകദേശം 35 ലക്ഷം പേരാണ് വസ്ത്രശാലകളിൽ ജോലി ചെയ്യുന്നത്. അവരിൽ 80% പേരും 21 മുതൽ 25 വയസ്സുവരെ പ്രായമുള്ള സ്ത്രീകളാണ്. അവരുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുവിൻ.

23. എല്ലാ തൊഴിലാളികളുടെയും ജീവിതനിലവാരം ഉയരുവാനായി പ്രാർത്ഥിക്കുവിൻ.

24. വൻകിട ഫാക്ടറികൾ മുതൽ ചെറിയ കടകൾ വരെയുള്ള ഇന്ത്യയിലെ എല്ലാ ബിസിനസ്സുകളിലൂടെയും ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ വളർച്ച പ്രാപിക്കുവാനായി പ്രാർത്ഥിക്കുവിൻ.

25. രാജ്യങ്ങളിൽ അനാവശ്യമായി രക്തം ചൊരിഞ്ഞ് മനുഷ്യജീവിതം വ്യർഥമായി നശിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ദുഷ്ട ശത്രുവിന്റെ പ്രവർത്തികളും പദ്ധതികളും നശിച്ചുപോകുന്നതിനായി പ്രാർത്ഥിക്കുവിൻ.

26. യുദ്ധങ്ങൾ, അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയിലൂടെ ജനങ്ങളുടെ രക്തം ഭൂമിയിൽ ചൊരിയപ്പെടാതിരിക്കുവാൻ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുവിൻ.

27. പൊതു പരീക്ഷ എഴുതുവാൻ പോകുന്ന വിദ്യാർത്ഥികൾക്ക് കർത്താവ് നല്ല ബുദ്ധി നൽകുവാനും, അവർ പഠിക്കുന്ന പാഠങ്ങൾ അവരുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുവിൻ.

28. പരീക്ഷാ ദിവസങ്ങളിൽ യാതൊരു രോഗവും കുട്ടികളെ ബാധിക്കാതെ കർത്താവിന്റെ സംരക്ഷണമുണ്ടാകുന്നതിനായി പ്രാർത്ഥിക്കുവിൻ.



# വീണ്ടും തളിർത്ത അത്തിമരം



**പ്രിയ സ്നേഹിതരെ യേശുക്രിസ്തുവിന്റെ നാമത്തിൽ ആശംസകൾ! അത്തിമരത്തിൽ നിന്ന് ഒരു ഉപമ പഠിപ്പിൻ എന്നാണ് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നത്. തിരുവെഴുത്തുകൾ അത്തിവൃക്ഷമായി ചിത്രീകരിക്കുന്നത് എന്താണെന്നും, അതിലൂടെ ലോകമെമ്പാടും നൽകുന്ന സന്ദേശം എന്താണെന്നും ഈ പംക്തിയിലൂടെ നാം വ്യക്തമായി കാണുവാൻ പോകുന്നു.**

"അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ ; അതിന്റെ കൊമ്പ് ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽതന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ". (മത്തായി 24:32,33).

സ്നേഹിതരെ, വചനത്തിൽ അത്തിവൃക്ഷത്തിന്റെ ഉപമ പഠിക്കുവിൻ എന്ന് പറയുന്നതിൽ അത്തിവൃക്ഷം ഇസ്രായേൽ ദേശത്തിന്റെ അലങ്കാരമാണെന്ന് പറയപ്പെടുന്നു.

" ഞാൻ ഈ സ്ഥലത്തുനിന്നു കല്ദയരുടെ ദേശത്തേക്കു നന്മയ്ക്കായി അയച്ചിരിക്കുന്ന യെഹൂദാബദ്ധന്മാരെ ഈ നല്ല അത്തിപ്പഴംപോലെ ഞാൻ വിചാരിക്കും. ഞാൻ എന്റെ ദൃഷ്ടി നന്മയ്ക്കായി അവരുടെമേൽവച്ച് അവരെ ഈ ദേശത്തേക്കു വീണ്ടും കൊണ്ടുവരും" ( യിരെ. 24:5,6). ഈ വചനമനുസരിച്ച്, യഹൂദർ അത്തിപ്പഴവും ഇസ്രായേൽ രാജ്യം അത്തിവൃക്ഷവുമാണ്.



## (അത്തിമരത്തിന്) ഇസ്രായേൽ രാജ്യത്തിന് കർത്താവ് നൽകുന്ന പ്രാധാന്യം എന്താണ്?



- നമ്മുടെ കൈയിലുള്ള വേദപുസ്തകം ഇസ്രായേല്യർക്കും നൽകപ്പെട്ടിരിക്കുന്നു. (മോശെയുടെ കാലത്തിൽ പത്ത് കൽപ്പനകളും നിയമങ്ങളുമായി നൽകപ്പെട്ടിരുന്നു. അതുതന്നെയാണ് വേദപുസ്തകമായി നമ്മുടെ കരങ്ങളിലുള്ളത്).

- വേദപുസ്തകത്തിൽ ഇസ്രായേല്യരുടെ ജീവിതചരിത്രം, അവരുടെ യുദ്ധങ്ങൾ, അവരുടെ പരാജയങ്ങൾ, അവരുടെ വിജയങ്ങൾ, അവർക്ക് ജീവിക്കുവാൻ കർത്താവ് പഠിപ്പിച്ചുകൊടുത്ത വഴികൾ, അവരുടെ ജീവിതശൈലികൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. വേദപുസ്തകത്തിൽ 90% വും ഇസ്രായേല്യരെയും ഇസ്രായേലിനെയും കുറിച്ചുള്ളതാണ്. ഇസ്രായേൽ രാജ്യം അതായത് അത്തിവൃക്ഷം എത്ര പ്രധാനമാണെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിരിക്കും.



◀ ഇതുകൂടാതെ, പൂർവ്വപിതാക്കന്മാരായ അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവർക്ക് വാഗ്ദത്തം ചെയ്യപ്പെട്ടതും അവരുടെ സന്തതികൾക്ക് ദാനമായി നൽകപ്പെട്ടതുമായ ഭൂമിയാണിത്. ഇത് മാത്രമല്ല, ഈ രാഷ്ട്രം ലോകത്തിന്റെ ഉത്ഭവത്തിന്റെയും അന്ത്യത്തിന്റെയും പ്രതീകമാണ്.

◀ കർത്താവായ യേശുക്രിസ്തു ലോകരക്ഷകനായി അവതരിക്കുകയും മനുഷ്യരാശിയുടെ പാപങ്ങൾക്കുവേണ്ടി മരിച്ച് അടക്കപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തതിനുശേഷം, പരിശുദ്ധാത്മാവ് പകരപ്പെട്ടതും, ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെമ്പാടും വ്യാപിച്ചതും ഈ ദേശത്തിൽ നിന്നാണ്.

## തിരഞ്ഞെടുക്കുവിൻ

...യിസ്രായേലിനെ തന്റെ നിക്ഷേപമായിട്ട് തിരഞ്ഞെടുത്തിരിക്കുന്നു (സങ്കീ. 135:4)

നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു (യോഹ. 15:16)

ഈ വചനങ്ങൾ അനുസരിച്ച് കർത്താവ് ഇസ്രായേല്യരെ തന്റെ സ്വന്തം ജനമായി തിരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ട് ഇസ്രായേല്യർ കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്.



അതുകൊണ്ടു വിശ്വാസികൾ അത്രേ അബ്രഹാമിന്റെ മക്കൾ എന്ന് അറിവിൻ (ഗലാ. 3:7). സ്നേഹിതരെ, കർത്താവിൽ വിശ്വസിക്കുന്ന നാം അബ്രഹാമിന്റെ സന്തതികളാണ്! നിങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്. നിങ്ങൾ ദൈവത്തിന് വിശേഷതയുള്ളവരാണ്. നിങ്ങൾ ദൈവത്തിന്റെ സ്വന്തം ജനമാണ്

**ഇസ്രായേല്യർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്.**
**ഇസ്രായേൽ ദൈവത്തിന്റെ രാജ്യമാണ്.**
**ഇസ്രായേൽ വാഗ്ദത്ത ദേശമാണ്.**
**പാലും തേനും ഒഴുകുന്ന ദേശമാണ് ഇസ്രായേൽ.**
**നമ്മുടെ രക്ഷകനായ യേശുവിന്റെ ദേശമാണ് ഇസ്രായേൽ.**



അത്തിവൃക്ഷം അതായത് ഇസ്രായേൽ രാജ്യം ലോകത്തിന്റെ ഘടികാരമാണെന്ന് പറയപ്പെടുന്നു. ഈ ഇസ്രായേൽ രാജ്യം എങ്ങനെ രൂപപ്പെട്ടു, എങ്ങനെ നശിപ്പിക്കപ്പെട്ടു, എങ്ങനെ വീണ്ടും രൂപപ്പെട്ടു, ഇനി വരും ദിവസങ്ങളിൽ എന്ത് സംഭവിക്കും എന്നതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വരും ദിവസങ്ങളിൽ കാണാം.

# ഞാൻ ഒരു പ്രാർത്ഥനാ നായകൻ!



ക്രിസ്തുയേശുവിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരാ, സഹോദരീ.....
രക്ഷകനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും പുതുവത്സരാശംസകൾ.
കഴിഞ്ഞ വർഷം മുഴുവനും നമ്മെ കരുതുകയും, പരിപാലിക്കുകയും, പോഷിപ്പിക്കുകയും , ധരിപ്പിക്കുകയും, താങ്ങി, ചുമന്ന്, രക്ഷിക്കുകയും ചെയ്ത കർത്താവിനെ ഞാൻ പൂർണ്ണഹൃദയത്തോടെ സ്തുതിക്കുന്നു. ഈ വർഷം മുഴുവനും വിവിധ പ്രാർത്ഥനകളെക്കുറിച്ച് ഈ പംക്തിയിൽ നാം ധ്യാനിക്കുവാനും അവ നമ്മുടെ ജീവിതത്തിൽ നടപ്പിലാക്കുവാൻ ശ്രമിക്കുവാനും പോകുന്നു.

## മദ്ധ്യസ്ഥ പ്രാർത്ഥന



നെഹെമ്യാവ് 1:4,6 വചനങ്ങളിൽ അപേക്ഷ എന്ന പദം ഉപയോഗിച്ചിരിക്കുന്നത് കാണാം. അപേക്ഷ എന്നതിന് intercession എന്നാണ് ഇംഗ്ലീഷിൽ ഉപയോഗിക്കുന്നത്. intercession എന്നാൽ എബ്രായ ഭാഷയിൽ പാഗ എന്നാണ് അർത്ഥം. പാഗ എന്നാൽ മദ്ധ്യസ്ഥത. മറ്റൊരാൾക്ക് വേണ്ടി മറ്റൊരാളോട് പരമാർത്ഥതയോടെ വാദിക്കുക എന്നാണ് ഇതിനർത്ഥം.

ഈ നെഹെമ്യാവിന്റെ പുസ്തകം 14 പ്രാർത്ഥനകൾ ഉൾപ്പെടുന്ന മനോഹരമായ ഒരു പുസ്തകമാണ്. നെഹെമ്യാവ് 1:4ൽ "ഈ വർത്തമാനം കേട്ടപ്പോൾ ഞാൻ ഇരുന്നു കരഞ്ഞു കുറെനാൾ ദുഃഖിച്ചും ഉപവസിച്ചുംകൊണ്ടു സ്വർഗത്തിലെ ദൈവത്തോടു ഞാൻ പ്രാർത്ഥിച്ചു" എന്ന് നെഹെമ്യാവിന്റെ അനുഭവം രേഖപ്പെടുത്തിയിരിക്കുന്നു.

പേർഷ്യൻ രാജ്യത്തിലെ അർത്ഥഹ്ശഷ്ടാരാജാവിന്റെ പാനപാത്രവാഹകനായി പ്രവർത്തിച്ചിരുന്ന ഒരു കൊട്ടാര സേവനകനായിരുന്നു നെഹെമ്യാവ്. സർക്കാർ ജോലി. അതും രാജാവിന്റെ അടുക്കൽ തന്നെ ഇരിക്കാം എന്ന ഭാഗ്യം. തനിക്ക് ലഭിച്ച നല്ല ജോലി നോക്കി, സന്തോഷമായിരിക്കാതെ ഏകദേശം 4 മാസത്താളം അപേക്ഷിക്കേണ്ട ആവശ്യമെന്താണ്? നെഹെമ്യാവ് എന്തിനുവേണ്ടിയാണ് അപേക്ഷിച്ചത്.



ബാബിലോണിന്റെയും പേർഷ്യയുടെയും അടിമത്തത്തിൽ നിന്ന് മോചിതനായി, സ്വന്തം നാടായ യഹൂദയിലേക്ക് മടങ്ങിയ നെഹെമ്യാവ് , തന്റെ രാജ്യത്തിലെ ജനങ്ങൾ മഹാകഷ്ടത്തിലായിരിക്കുന്നുവെന്നും, യെരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവച്ച് ചുട്ടു കിടക്കുന്നുവെന്നും തന്റെ സഹോദരൻ മുഖാന്തരം അറിഞ്ഞു, തന്റെ ജനത്തിനും, തന്റെ രാജ്യത്തിനും വേണ്ടി സ്വർഗ്ഗത്തിലെ ദൈവത്തോട് അപേക്ഷിച്ചു.

ഒരു രാജ്യത്തിന് മതിൽ എത്ര പ്രധാനമാണ്? ശത്രുക്കൾ രാജ്യത്തേക്ക്

പ്രവേശിക്കുന്നതിൽ നിന്ന് മതിലുകളാണ് അവരെ തടയുന്നത്. അത് ഇടിഞ്ഞു കിടക്കുകയും അതിന്റെ വാതിലുകൾ കത്തിനശിക്കുകയും ചെയ്താൽ, ഭൂമിയും അതിലെ നിവാസികളും എങ്ങനെ സുരക്ഷിതമായിരിക്കും? അത്തരമൊരു സാഹചര്യത്തിൽ നെഹെമ്യാവ് തന്റെ ജനത്തിനും തന്റെ രാജ്യത്തിനും വേണ്ടി സ്വർഗ്ഗസ്ഥനായ ദൈവത്തോട് പ്രാർത്ഥിച്ചതുകൊണ്ട്, ആ കഷ്ടത്തിൽ നിന്ന് തന്റെ രാജ്യവും ജനങ്ങളും സംരക്ഷിക്കപ്പെട്ടു എന്ന് ഈ വേദഭാഗം പഠിപ്പിക്കുന്നു.

ഇംഗ്ലണ്ടിലെ വെയിൽസിൽ മദ്യപാനം വ്യാപിക്കുവാൻ തുടങ്ങി, നൃത്തശാലകൾ വർദ്ധിച്ചു, ആളുകൾ മദ്യപിച്ച് ദുർമാർഗ്ഗത്തിൽ ജീവിക്കുവാൻ തുടങ്ങി. ഈ സാഹചര്യത്തിൽ വിശുദ്ധിയുടെ മതിൽ തകർക്കപ്പെട്ട്, രക്ഷയുടെ വാതിലുകൾ കത്തിക്കരിഞ്ഞ്, പാപം നിറഞ്ഞ തന്റെ രാജ്യത്തിന്റെ അവസ്ഥയാണ് ഇവാൻ ജോൺ റോബർട്ട്സ് എന്ന 15 വയസ്സുകാരൻ കണ്ടത്. രാഷ്ട്രത്തെക്കുറിച്ചുള്ള ഭാരം അവനെ വല്ലാതെ ഞെരുക്കി. കൽക്കരി ഖനിയിൽ ജോലി ചെയ്തിരുന്ന യൗവനക്കാരനായ ഇവാൻ 12 മണിക്ക് തന്റെ ജോലി പൂർത്തിയാക്കിയതിനു ശേഷം, അതിരാവിലെ 4 മണി വരെ 'എന്റെ ദേശത്തെ വിടുവിക്കേണമേ',' എന്റെ ദേശത്തെ വിശുദ്ധീകരിക്കേണമേ', 'എന്റെ ജനങ്ങളെ രക്ഷിക്കേണമേ', 'എന്റെ ദേശത്തിലേക്ക് ഉണർവ് അയയ്ക്കേണമേ' എന്ന് ഏകദേശം 11 വർഷത്തോളം തന്റെ ദേശത്തിനുവേണ്ടിയും, ജനങ്ങളുടെ പാപത്തിനുവേണ്ടിയും ആത്മാർത്ഥമായി പ്രാർത്ഥിച്ചു. കർത്താവ് ആ യൗവനക്കാരന്റെ പ്രാർത്ഥന കേൾക്കുകയും ജനങ്ങളിൽ പാപബോധം കൽപ്പിക്കുകയും ചെയ്തു. ജനങ്ങൾക്ക് പാപബോധം ഉണ്ടാവുകയും, കമിഴ്ന്നു കിടന്ന് കരയുകയും, പാതകളിൽ മുട്ടുകുത്തി സമർപ്പിക്കുകയും ചെയ്തു . മദ്യപാനം അവസാനിച്ചു, വേശ്യാലയങ്ങളും, നൃത്തശാലകളും, തിയറ്ററുകളും അടയ്ക്കപ്പെട്ടു. യൗവനക്കാർ മദ്യക്കുപ്പികൾ പൊട്ടിച്ചുകളഞ്ഞു. ദേശം രൂപാന്തരപ്പെട്ടു.



പ്രിയപ്പെട്ട യൗവനക്കാരെ! നാമും ഭക്തരായ നെഹെമ്യാവിനെയും ഇവാൻ റോബർട്ട്സിനെയും പോലെ നമ്മുടെ രാജ്യത്തിനും നമ്മുടെ ജനങ്ങൾക്കും വേണ്ടി അപേക്ഷിക്കേണ്ട ഒരു ദുരവസ്ഥയിലാണ്. 144 കോടി ജനങ്ങളുള്ള നമ്മുടെ ഇന്ത്യയിൽ ഏകദേശം 42 കോടി യൗവനക്കാരുണ്ട്. ഒരു രാജ്യത്തിന്റെ ഭാവിയും പുരോഗതിയും യൗവനക്കാരുടെ കരങ്ങളിലാണ്! എന്നാൽ നമ്മുടെ രാജ്യത്തിന്റെ രക്ഷാകവചമാകേണ്ട യൗവനക്കാർ ദുശ്ശീലങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു. മോശം ശീലങ്ങൾ, തെറ്റായ ബന്ധങ്ങൾ, ചായയും കാപ്പിയും പോലെ മദ്യത്തിന്റെ ഉപയോഗം, മയക്കുമരുന്നിന്റെ അടിമത്തം, പ്രണയബന്ധങ്ങൾ, മൊബൈൽ ഫോണുകളിൽ മുഴുകിയിരിക്കുകയും, അശ്ലീലമായ വസ്ത്രധാരണങ്ങളിലും, ആഡംബരത്തിലും മുഴുകി സ്ത്രീ പുരുഷ വിവേചനമില്ലാതെ യൗവനസമൂഹം പാപത്തിൽ നശിക്കുകയാണ്. യൗവന സമൂഹത്തിന് പുറമെ യൗവനക്കാർക്ക് വഴികാട്ടികളാകേണ്ട മുതിർന്നവരും യൗവനക്കാരോട് മത്സരിച്ച് മ്ലേഛതയുടെ പാതയിൽ മുന്നേറുകയാണ്. "ആത്മസംയമം ഇല്ലാത്ത പുരുഷൻ മതിൽ ഇല്ലാതെ ഇടിഞ്ഞുകിടക്കുന്ന പട്ടണംപോലെയാകുന്നു" (സദൃ.25:28) എന്ന് വേദപുസ്തകം പറയുന്നു. ഇത്തരക്കാർക്കുവേണ്ടി സ്വർഗത്തിലെ ദൈവത്തോട് അപേക്ഷിക്കുവാൻ നെഹെമ്യാവിനെയും ഇവാനെയും പോലുള്ള യൗവനക്കാർ എഴുന്നേൽക്കേണ്ട സമയമാണിത്.

**യൗവനസമൂഹമേ എഴുന്നേൽക്കൂ....! ഒരു നെഹെമ്യാവ് അപേക്ഷിച്ചു; മതിൽ പണിയപ്പെട്ടു. ഒരു ഇവാൻ ജോൺ റോബർട്ട്സ് അപേക്ഷിച്ചു; ദേശം വിശുദ്ധമായി. യൗവനക്കാരായ സഹോദരാ, സഹോദരീ... ഇന്ന് രാജ്യത്തിനുവേണ്ടി അപേക്ഷിക്കുവാൻ, ഒരു നെഹെമ്യാവായി, ഇവാൻ റോബർട്ട്സായി എഴുന്നേൽക്കുവാൻ നിങ്ങളെ സമർപ്പിക്കുമോ?**




(വാർത്ത)

ഹലോ ക്രിസ്തുവിൽ പ്രിയ സ്നേഹിതരെ! ഈ പുതുവർഷത്തിൽ ഒരു പുതിയ ലേഖനവുമായി നിങ്ങളെ കണ്ടുമുട്ടിയതിൽ വളരെ സന്തോഷം. ലേഖനത്തിന്റെ തലക്കെട്ട് കാണുമ്പോൾ, ഇത് പുതിയതാണെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? അതെ സ്നേഹിതരെ, നാം ഇന്ന് ജീവിക്കുന്ന ലോകത്തിൽ എന്ത് ചെയ്താലും അത് ഒരു ട്രെൻഡ് ആണ്. എന്നാൽ ക്രൈസ്തവ യൗവനക്കാരായ നാം ലോകത്തിലെപ്പോലെ വസ്ത്രം ധരിക്കരുതെന്നും, ലോകവുമായി ഇണങ്ങി അവരുടെ വഴികൾ പഠിച്ച് അവരെപ്പോലെ ജീവിക്കരുതെന്നും കർത്താവ് ആഗ്രഹിക്കുന്നു. "ജാതികളുടെ വഴി പഠിക്കരുത്" (യിരെ.10:2) ഇതാണ് 1 തിമൊ.4 -ാം അദ്ധ്യായം 12-ാം വചനത്തിൽ യൗവനക്കാരനായ തിമൊഥെയൊസിന് പൗലൊസ് നൽകുന്ന ഉപദേശം. " ആരും നിന്റെ യൗവനം തുച്ഛീകരിക്കരുത്; വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക". ഈ വചനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് വരുന്ന മാസങ്ങളിൽ നാം പല കാര്യങ്ങളും അറിയുവാൻ പോകുന്നു.

ഈ വചനത്തിൽ പൗലൊസ് തിമൊഥെയൊസിനോട് ആറ് കാര്യങ്ങൾ ചെയ്യാൻ നിർദ്ദേശിക്കുന്നു. അതായത്, ക്രിസ്തുവിനെ അനുഗമിക്കുന്ന യൗവനക്കാർ എന്ന നിലയിൽ, വാക്കിലും പ്രവൃത്തിയിലും സ്നേഹത്തിലും ആത്മാവിലും നിർമലതയിലും വിശ്വാസത്തിലും നാം മറ്റുള്ളവർക്ക് മാതൃകയായിരിക്കണം. വീണുപോയ അനേകം യൗവനക്കാർ നമ്മുടെ സാക്ഷ്യം കണ്ട് എഴുന്നേൽക്കണം. നാം നിമിത്തം ഇടറരുത്. ഈ മാസം ആദ്യം നമ്മുടെ വാക്കുകൾ മറ്റുള്ളവർക്ക് എങ്ങനെ മാതൃകയാകണമെന്ന് അറിയുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

വാക്കുകൾക്ക് കൂടുതൽ ശക്തിയുണ്ടെന്ന് പൊതുവെ പറയാറുണ്ട്. നാം സംസാരിക്കുന്ന ഓരോ വാക്കും നല്ലതും ആത്മികവർദ്ധനയുള്ളതും ദൈവീകമായതുമായിരിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. എന്നാൽ നാമോ സംസാരിക്കുന്ന വാക്കുകൾ ശരിയോ തെറ്റോ, ഉപയോഗശൂന്യമോ പ്രയോജനപ്രദമോ, നല്ലതോ ചീത്തയോ, ശുദ്ധമോ അശുദ്ധമോ എന്നൊന്നും പരിഗണിക്കാതെ സംസാരിക്കുന്നു. നമുക്ക് ചുറ്റുമുള്ളവർ സംസാരിക്കുന്നതിനാൽ അത് നമുക്ക് തെറ്റായി തോന്നുന്നില്ല. ഇതാണ് ട്രെൻഡ് എന്ന് ചിന്തിച്ചുകൊണ്ട് സന്തോഷത്തോടെ സംസാരിക്കുന്നു.

നോക്കൂ, ഇന്നത്തെ കാലത്ത് പൊതുസ്ഥലത്ത് മോശമായ വാക്കുകൾ ഉപയോഗിക്കുന്നത് ഒരു ട്രെൻഡ് ആയി മാറിയിരിക്കുന്നു. യൗവനക്കാർ ഇത് ഒരു രസമായി കരുതുന്നു. കുറച്ച് വർഷങ്ങൾക്ക് മുമ്പ് മോശം വാക്കുകൾ പറയാൻ ഭയപ്പെട്ടിരുന്നു. അതും സ്വകാര്യമായി സംസാരിക്കുവാൻ പോലും ഭയപ്പെട്ടിരുന്ന കാലം മാറി, ഇപ്പോൾ പരസ്യമായി സംസാരിക്കുന്നതിൽ തെറ്റില്ല എന്ന നിലയിലേക്ക് വന്നിരിക്കുന്നു. ചോദിക്കുമ്പോൾ ഇത് ഒരു ട്രെൻഡ് ആണെന്ന് പറയും. പ്രിയ യൗവന സഹോദരാ, സഹോദരി, നിങ്ങൾക്ക് ഇതൊരു ട്രെൻഡായിരിക്കാം! എന്നാൽ വിശുദ്ധനായ ദൈവത്തെ ആരാധിക്കുന്ന നമുക്ക് ഇത് അല്ല ട്രെൻഡ്. ഇത് കർത്താവിനെ വേദനിപ്പിക്കുന്ന കാര്യമാണ്. "കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന് ആവശ്യംപോലെ ആത്മികവർധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്" (എഫെ. 4:29) എന്ന് വിശുദ്ധ വേദപുസ്തകം പറയുന്നു.

പ്രിയ യൗവനക്കാരെ! നാം പറയുന്ന ഏതൊരു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരുമെന്ന് ഓർക്കുക (മത്തായി 12:36). സത്യദൈവമായ യേശുക്രിസ്തുവിനെ അനുഗമിക്കുന്ന നാം, സംസാരിക്കുന്ന വാക്കുകളിലൂടെ കർത്താവിന് മഹത്ത്വമുണ്ടാകണം, അതിനുപകരം കർത്താവിന്റെ നാമത്തെ കളങ്കപ്പെടുത്തുവാൻ പാടില്ല. നാം സംസാരിക്കുന്ന ഓരോ വാക്കും സ്വർഗ്ഗം മാത്രമല്ല, പിശാചും സൂക്ഷ്മമായി നിരീക്ഷിക്കുന്നതുകൊണ്ട്, നമ്മുടെ വാക്കുകൾ വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യാം. അതുകൊണ്ട് നമ്മുടെ വാക്കുകളിൽ ജാഗ്രത പുലർത്തുകയും മറ്റുള്ളവർക്ക് മാതൃകയാവുകയും ചെയ്യാം...!

